e-book

Kalkipuri®



Kalki

# ദ്രൗപദീപതി അർജുനൻ മാത്രം — ശ്രീകൃഷ്ണൻ

2000 ൽ യുഗധർമ്മയിലും പിന്നീട് 2008ൽ പുസ്തകമായും പ്രസിദ്ധീകരിച്ചത്

## യഥാർത്ഥ ശ്രീകൃഷ്ണ പൂർവ്വാവതാര ചരിതം കൽകി വെളിപ്പെടുത്തുന്നു

ശ്രീകൃഷണന്റെ യഥാർത്ഥ ചിത്രം ഇപ്പോൾ ലഭ്യമല്ല

Draupadeepathi Arjunan Mathram - Sree Krishnan (Malayalam)
(Arjuna is the Sole Husband of Draupadi - Sree Krishna)
Author: Kalki


Kalki

Publisher: Kalki
Address:
Kalkipuri
Edavannappara
Malappuram Dt. - 673645
Kerala, India.
Ph: 0483 2724372
Whatsapp: 7907456154
shop.kalkipuri.com

Copyright © Kalki.
(All rights reserved, including the right of reproduction in whole or in part in any form.)

DTP & Design: Kalkipuri

Digital First Edition: 10 Aug 2021
Digital Edition ISBN: 9789355260246
ISBN Format: Digital Download and Online
Price: Free

Paperback 1st Edition: Oct 2008. 2nd Edition: 11 Nov 2008.
Paperback 1st & IInd Edition Printed at: S.T.Reddiar & Sons, Ernakulam.

ISBN 978-9-3552602-4-6

# ഉള്ളടക്കം


1. കൽകിപുരി പബ്ലിക്കേഷൻ
2. വസ്തുതകൾ
3. ചരിത്രപരമായ തെളിവുകൾ
4. ദ്രൗപദീപതി അർജ്ജുനൻ മാത്രം - ശ്രീകൃഷ്ണൻ.


കൽകി യഥാർത്ഥ ശ്രീകൃഷ്ണ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

# കൽകിപുരി പബ്ലിക്കേഷൻ

1. പുനർജന്മം ചരിത്രപരമായ തെളിവുകൾ - കൽകി

ജന്മാന്തരങ്ങളിലൂടെയുള്ള ജീവന്റെ യാത്ര ചരിത്രപരമായി വെളിപ്പെടുത്തുന്ന പുസ്തകം.

അഗസ്ത്യ മഹർഷിയും വിശ്വാമിത്ര മഹർഷിയും എഴുതിയ ഋഷിപ്രോക്ത പുരാതന നാഡി താളിയോലകളിലെ 6 സുപ്രധാന അദ്ധ്യായങ്ങൾ. മലയാളത്തിൽ ആദി തമിഴ് ശ്ലോകങ്ങളും, മലയാള അർത്ഥവും പദാനുപദ ഗദ്യവിവർത്തനവും വിവരണവും സഹിതം. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

2. കൽകിപുരി ക്ഷേത്ര നിയമങ്ങൾ.

3. ദ്രൗപദീപതി അർജ്ജുനൻ മാത്രം - ശ്രീകൃഷ്ണൻ.

കൽകി യഥാർത്ഥ ശ്രീകൃഷ്ണ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

4. യഥാർത്ഥ ശ്രീരാമ ചരിതം: പ്രഥമഘട്ട സുപ്രധാന രംഗം.

കൽകി യഥാർത്ഥ ശ്രീരാമ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

5. ഗാന്ധാരിയും ശ്രീകൃഷ്ണനും. സുപ്രധാന രംഗം.

കൽകി യഥാർത്ഥ ശ്രീകൃഷ്ണ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.

6. Arjuna is the Sole Husband of Draupadi - Sree Krishna.

7. Real History of Sree Rama: Most Important Scene from the First Part. Kalki revealed.

8. Kalki Purana by Agastya & Vishvamitra. ShivaDeva-ParvathiDevi Divine Conversation.

Read More: English | Malayalam

# വസ്തുതകൾ

കോടാനുകോടി മനുഷ്യരിൽ നിന്നും പ്രത്യേകമായി ഒരാളെമാത്രം വേർതിരിച്ച റിയുവാൻ കഴിയുന്നതെങ്ങനെ?

വ്യത്യസ്ത ഭാവങ്ങളുണ്ടാകുമെങ്കിലും ഓരോ മനുഷ്യനും ഒരു രൂപം, മുഖം, ആകൃതി, ഘടന, വിരലടയാളം തുടങ്ങിയവയുണ്ടാകും. അതിൽ വ്യത്യാസമുണ്ടായാൽ മറ്റൊരാളാകും. അതുകൊണ്ടാണ് ഓരോരുത്തരേയും തിരിച്ചറിയുവാൻ സാധിക്കുന്നത്. സാർവ്വജനീനമായി അംഗീകരിക്കപ്പെടുന്ന വസ്തുതയാണിത്.

ഭഗവാൻ ശ്രീരാമനും ശ്രീകൃഷ്ണനും രാജാവായിരുന്നു. മനുഷ്യനും അവതാരവുമാകുന്നു. അക്കാലത്തും ധാരാളം മികവുറ്റ ചിത്രകാരന്മാരും ശില്പികളും ഉണ്ടായിരുന്നു.


അക്കാലത്ത് സൂക്ഷിച്ച സപ്തമാവതാര ശ്രീരാമന്റേയും അഷ്ടമാവതാര ശ്രീകൃഷ്ണന്റേയും യാഥാർത്ഥ വിഗ്രഹവും ചിത്രവും ഇപ്പോൾ ലഭ്യമായിരുന്നുവെങ്കിൽ, നിരവധി ശില്പികൾ കൊത്തിയെടുത്ത വ്യത്യസ്ത രൂപവും മുഖവും ദേഹഘടനയും ആകൃതിയുമായി ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയുമെന്ന പേരിൽ ഇപ്പോൾ പ്രചാരത്തിലുള്ള അനേകം ചിത്രങ്ങളേയും വിഗ്രഹങ്ങളേയും ശില്പങ്ങളേയും അംഗീകരിക്കുമായിരുന്നോ?

ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയും യഥാർത്ഥ ചിത്രവും വിഗ്രഹവുംപോലും സൂക്ഷിച്ച നിലനിർത്താത്തതിനാൽ ലഭ്യമല്ലാതിരിക്കേ അവതാര ചരിതത്തിൽ നിന്ദിതമായ കല്പിത കഥകൾ കൂട്ടിച്ചേർത്ത് വികലമാക്കുവാൻ പ്രയാസമെന്ത്?

ഗാന്ധിജിയുടെ യഥാർത്ഥ ചിത്രം ലഭ്യമായതിനാൽ മറ്റേതെങ്കിലും രൂപം വരച്ച് അത് ഗാന്ധിജിയാണെന്ന് കരുതി നിന്ദിക്കേണ്ടതില്ല.

ഈ നിയമം എപ്പോഴും എല്ലാവർക്കും എല്ലാ കാര്യങ്ങൾക്കും ബാധകമാവുന്നു.

യഥാർത്ഥത്തിൽ സംഭവിച്ചത് അറിയുക എന്ന മൗലികാവകാശത്തെ ബഹുമാനിക്കുന്നു. ആ സദുദ്ദേശ്യം മാത്രമേയുള്ളൂ. •




# ചരിത്രപരമായ തെളിവുകൾ

2004 നവംബർ 2ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ കൽകിയുടെ അഗസ്ത്യ മഹാശിവനാഡി തുല്യം വിവേകാനന്ദ പൂർവ്വാവതാര ശാന്തികാണ്ഡത്തിൽ നിന്നും. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

**ആദി തമിഴ് ശ്ലോകങ്ങൾ, മലയാള അർത്ഥം, പദാനുപദ വിവർത്തനം, വിവരണം.**

**അരുൾവടിവായ് നിൻട്രിടുവീർ അയ്യൻപാദം** (2):1:1.

**അടിതൊഴുത് മകൻശാന്തി ദേവിയാനും** (2):1:2.

*അരുൾവടിവായ്=ദിവ്യസ്വരൂപത്തിൽ, നിൻട്രിടുവീർ=നിലകൊള്ളുന്ന, അയ്യൻ പാദം=അവിട്ടത്തെ തൃപ്പാദങ്ങളിൽ, അടിതൊഴുത്=നമസ്ക്കരിച്ച്, മകൻ ശാ*

ദ്രൗപദീപതി അർജുനൻ മാത്രം - ശ്രീകൃഷ്ണൻ

*ന്തി=മകന്റെ ശാന്തികാണ്ഡം , ശാന്തി=ശാന്തികാണ്ഡം അഥവാ പൂർവ്വജന്മകാണ്ഡം (13-ാം കാണ്ഡം), ദേവിയാനും= നാം പാർവ്വതിദേവി, യാൻ=ഞാൻ, നാം.*

**ദിവ്യസ്വരൂപത്തിൽ (2):1:1:1. നിലകൊള്ളുന്ന (2):1:1:2. അവിടുത്തെ തൃപാദങ്ങളിൽ (2):1:1:3. നമസ്ക്കരിച്ച് (2):1:2:1. (ശ്ലോകത്തിലുള്ളത് അതേപ്രകാരം ചേർക്കുന്നുവെന്ന് മാത്രം) മകന്റെ ശാന്തികാണ്ഡം (പൂർവ്വജന്മകാണ്ഡം) (2):1:2:2. (അറിയിച്ചുതരുവാനായി) നാം പാർവ്വതിദേവി (അങ്ങയോട് അപേക്ഷിക്കുന്നു). (2):1:2:3.**

**– പാർവ്വതിദേവി**

പാർവ്വതിദേവിയുടെ ദിവ്യവാണികളോടെയാണ് കൽകിയുടെ വിശ്വവിഖ്യാത വിവേകാനന്ദ പൂർവ്വാവതാരത്തെക്കുറിച്ചുള്ള അദ്ധ്യായം ആരംഭിക്കുന്നത്.

**മകന്റെ പൂർവ്വജന്മ വൃത്താന്തങ്ങൾ അറിയിക്കണമെന്ന് പാർവതിദേവി ശിവദേവനോട് അപേക്ഷിച്ചു. നാം ദേവി എന്ന് സ്വയം അറിയിച്ചുകൊണ്ടാണ് പാർവതിദേവി ചോദിയ്ക്കുന്നത്.**

**ഇരുൾവാരാ എനൈകേട്ട അൻമ്പുദേവി** (2):1:3.

**ഇവൻതണക്ക് ഗോപകുമാർ നാമംകണ്ട്** (2):1:4.


**കണ്ട്പിൻ അഖിലാനന്ദ സ്വാമിയാകി** (2):2:1.

**കൂരിടവേ ദശമാവതാരം കൽകിയിന്നാൾ** (2):2:2.

*ഇരുൾവാരാ=പ്രകാശിതമായ, എനൈകേട്ട=നമ്മോട് ചോദിച്ച (എന്നോട് ചോദിച്ച), അൻമ്പുദേവി=പ്രിയദേവി!, ഇവൻതണക്ക്=ഇദ്ദേഹത്തിന്റെ, ഗോപകുമാർനാമംകണ്ട്=(ആദ്യത്തെ) പേര് ഗോപകുമാർ, കണ്ട്പിൻ=അതിനുശേഷം, അഖിലാനന്ദ സ്വാമിയാകി=അഖിലാനന്ദ സ്വാമിയായി, കൂരിടവേ=അറിയിക്കുന്നതായ (ഓല വായിക്കുന്ന സന്ദർഭത്തിൽ), ദശമാവതാരം കൽകി=ദശമാവതാരം കൽകി, ഇന്നാൾ=ഈ കാലത്ത് (ഇപ്പോൾ).*

**പ്രകാശിതമായി (2):1:3:1. നമ്മോട് ചോദിച്ച (2):1:3:2. പ്രിയ ദേവി! (2):1:3:3. ഇദ്ദേഹത്തിന്റെ (2):1:4:1. (ആദ്യത്തെ) പേര് ഗോപകുമാർ. (2):1:4:2,3. അതിനുശേഷം (2):2:1:1. അഖിലാനന്ദസ്വാമിയായി. (2):2:1:2,3. അറിയിക്കുന്ന (2):2:2:1. ഇപ്പോൾ (2):2:2:3(2). ദശമാവതാരം കൽകി. (2):2:2,3(1).**

**– സർവ്വാധികാരി പരമഗുരു ശിവദേവൻ**




**Name : Kalki**

**Address: Kalkipuri, Edavanappara, Malappuram Dt. - 673645, Kerala.**

ശിവദേവൻ പാർവ്വതിദേവിയോട് കൽകിയുടെ പൂർവ്വാവതാര വൃത്താന്തങ്ങൾ അറിയിക്കുകയാണ് തുടർന്നുള്ള ശ്ലോകങ്ങളിൽ.

ആദ്യമായി കൽകിയുടെ ഔദ്യോഗിക നാമധേയവും സുപ്രധാന സ്ഥാനവും വ്യക്തമാക്കിയതോടൊപ്പം മുമ്പുണ്ടായിരുന്ന രണ്ട് നാമധേയങ്ങളും ശിവദേവൻ അറിയിച്ചു.

(ചെറുപ്പത്തിൽ മാതാപിതാക്കൾ നൽകിയ) പേര് ഗോപകുമാർ. അതിനുശേഷം (മുള്ള സന്യാസ നാമധേയമാണ്) അഖിലാനന്ദ സ്വാമി. പിന്നീടാണ് കൽകി എന്ന ഔദ്യോഗിക നാമധേയവും ദശമാവതാരം എന്ന സമുന്നത സ്ഥാനവും അറിയിക്കുന്നത്. താളിയോല വായിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ദശമാവതാരം കൽകി.

കൽകി എന്ന പേര് ഗസറ്റ് വിജ്ഞാപനത്തിലൂടെ നിയമ പ്രാബല്ല്യം വരുത്തിയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കേരള ഗസറ്റ് 1999 ജൂലൈ 6, വോള്യം 44, നമ്പർ 27, പാർട്ട് 4ൽ ഗോപകുമാർ എന്ന ആദ്യത്തെ പേരും ഒപ്പും മാറ്റി അഖിലാനന്ദസ്വാമി എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. വീണ്ടും കേരള ഗസറ്റ് 2000 ജനവരി 11, വോള്യം 45, നമ്പർ 2, പാർട്ട് 4ൽ അഖിലാനന്ദ സ്വാമി എന്ന പേരും ഒപ്പും മാറ്റി Kalki എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. ഇനീഷ്യലില്ല, Kalki എന്ന പേര് മാത്രമേയുള്ളൂ. ഇപ്പോഴത്തെ നാമധേയം: Kalki.

സാധാരണ നാഡിതാളിയോലകളിൽ ഒരു പേര് മാത്രമാണുണ്ടാവുക. വിളിപ്പേരുകളെ ഔദ്യോഗിക നാമധേയങ്ങളായ് പരിഗണിയ്ക്കുകയില്ല. അതിനു രേഖാമൂലമുള്ള പ്രാബല്ല്യമുണ്ടാകില്ല. എന്നാൽ കൽകിയുടെ പൂർവ്വനാമധേയങ്ങളിൽ ഗോപകുമാർ എന്നത് എസ്എസ്എൽസി പുസ്തകത്തിലും അഖിലാനന്ദ സ്വാമി എന്നതും കൽകി എന്നതും ട്രസ്റ്റ് രേഖകളിലുമുള്ളതാണ്. ഈ മൂന്ന് പേരുകളും കേരള ഗസറ്റ് വിജ്ഞാപനത്തിൽ രേഖാമൂലമുണ്ട്. കേരള ഗസറ്റ് വിജ്ഞാപനത്തിലൂടെ ഇപ്പോഴത്തെ ഔദ്യോഗിക നാമധേയം കൽകി ആകുന്നു എന്നതും രേഖാമൂലം കൃത്യത വരുത്തിയിട്ടുണ്ട്. കൽകിയുടെ നാഡിതാളിയോലകളുടെ കൃത്യതയ്ക്ക് ഇതാവശ്യമാണ്.

**2004 നവംബർ 16ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ കൽകിയുടെ മഹാശിവനാഡി സൂക്ഷാൽ സൂക്ഷ്മ കാണ്ഡത്തിൽനിന്നും. ശിവദേവ – പാർവതിദേവി ദിവ്യസംഭാഷണം.**

**ആദി തമിഴ് ശ്ലോകങ്ങൾ, മലയാള അർത്ഥം, പദാനുപദ വിവർത്തനം, വിവരണം.**

അവതാരം വെളിപ്പെട്ടുമേ എനതരുളാലെ (1):25:2.

അവതാരം വെളിപ്പെട്ടുമേ എനതരുളാലെ = നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും. എനതരുളാലെ = നമ്മുടെ (എന്റെ), അരുളാലെ = (ദിവ്യ) വാണികളാൽ, (അനുഗ്രഹത്താൽ).

**നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും** (1):25:2.

**- സർവ്വാധികാരി പരമഗുരു ശിവദേവൻ**

ശ്രീരാമൻ, ശ്രീകൃഷ്ണൻ, അർജ്ജുനൻ, ദ്രൗപദി തുടങ്ങിയവരുടെ യഥാർത്ഥ ചിത്രം ഇപ്പോൾ ലഭ്യമല്ല.

– കൽകി

ഇരുൾനീക്കെ = അജ്ഞതയകറ്റുവാൻ, വന്തവനേ = വന്നവനേ.

## കൽകി അജ്ഞതയകറ്റുവാൻ വന്നവൻ (1):27:3:1,2.

## - സർവ്വാധികാരി പരമഗുരു ശിവദേവൻ

യഥാർത്ഥ ജ്ഞാനമാണ് അജ്ഞതയിൽപ്പെട്ടുഴലാതെ സംരക്ഷിയ്ക്കുന്നത്. ഇരുട്ടിനെ അകറ്റേണ്ടതില്ല; പ്രകാശമുണ്ടെങ്കിൽ. കൽകി അജ്ഞതയകറ്റുവാൻ വേണ്ടി അവതരിച്ചതാണ്. ശിവദേവൻ കൽകിയോട് നേരിട്ട് അറിയിയ്ക്കുകയാണ്. അവതാര ദൗത്യത്തിലെ സുപ്രധാനമായ ഭാഗമാണിത്.

ഇവിടെ, ഇരുട്ട് എന്നത് അജ്ഞതയെ സൂചിപ്പിയ്ക്കുന്നു. യഥാർത്ഥ ജ്ഞാനംകൊണ്ട് മാത്രമേ അജ്ഞതയിൽ നിന്നും മോചനം ലഭിയ്ക്കൂ. ദേവവർഗ്ഗത്തെ സംബന്ധിച്ച യഥാർത്ഥ ജ്ഞാനമാണ് കൽകിയിൽ നിന്നും ഈ ലോകത്തിന് ലഭിയ്ക്കുന്നത്. ദേവകാര്യാർത്ഥം ഔദ്യോഗിക നിർവ്വഹണം പൂർത്തിയാക്കുകയാണ് കൽകി അവതാരം.

# ശ്രീകൃഷ്ണ പൂർവ്വാവതാരം

**ഇതൻമുന്നം കിരുട്ടിനനായ് അവതരിത്തായ് (1):9:2.**

**പാഹപട പലലീലൈ ശെയ്ത്മേളായ് (1):9:3.**

**പാരുലകിൽ അറിയാതോർ ഉണ്ട്ശോൽവേൻ (1):9:4.**

**ഉണ്ട്താൻ സൂക്ഷ്മങ്കൾ ഒറൈപേൻഇപ്പം (1):10:1.**

*ഇതൻമുന്നം = ഇതിനുമുമ്പ്*

*കിരുട്ടിനനായ് = ശ്രീകൃഷ്ണനായി*
*(വിഷ്ണുദേവന്റെ അഷ്ടാവതാരമായ ഭഗവാൻ ശ്രീകൃഷ്ണനായി)*

*അവതരിത്തായ് = അവതരിച്ചിരുന്നു*

*പാഹപട = ഭിന്നതയില്ലാതെ (വേർതിരിവില്ലാതെ)*

*പലലീലൈ = പലവിധമായ (അവതാര) ലീലകളും*

*ശേയ്ത്ത്മേളായ് = നിരവധി പ്രാവശ്യം ചെയ്തിരുന്നത്*
*പാരുലകിൽ = ലോകത്തിൽ*
*അറിയാതോർ = എല്ലാവരും അറിഞ്ഞ്*
*ഉണ്ട്ശോൽവേൻ = പാരായണം ചെയ്യുന്നുണ്ട്*
*ഉണ്ട്താൻ സൂക്ഷ്മങ്കൾ ഒറൈപ്പേൻഇപ്പം=ഇപ്പോൾ അറിയിച്ചപ്രകാരം സൂക്ഷ്മ ങ്ങളായ അനേകം ദേവരഹസ്യങ്ങളുണ്ട്,*
*ഒറൈപ്പേൻഇപ്പം = ഇപ്പോൾ അറിയിച്ചപ്രകാരം.*

**ഇതിനുമുമ്പ്** (1):9:2:1. **(കൽകി) (വിഷ്ണുദേവന്റെ അഷ്ടമാവതാരമായ ഭഗവാൻ) ശ്രീകൃഷ്ണനായി അവതരിച്ച്** (1):9:2:2,3. **ഭിന്നതയില്ലാതെ** (1):9:3:1. **നിരവധി പ്രാവശ്യം ചെയ്ത അനേകം (അവതാര) ലീലകൾ** (1):9:3:2,3. **ലോകത്തിലുള്ളവർ (ഭക്തർ) അറിഞ്ഞ് പാരായണം ചെയ്യുന്നുണ്ട്.** (1):9:4. **ഇപ്പോൾ അറിയിച്ചപ്രകാരം (കൽകിയ്ക്ക്) സൂക്ഷ്മങ്ങളായ അനേകം ദേവരഹസ്യങ്ങളുണ്ട്.** (1):10:1.

**- സർവ്വാധികാരി പരമഗുരു ശിവദേവൻ**

ഇതിനുമുമ്പ് സംരക്ഷണാധികാരി വിഷ്ണുദേവന്റെ അഷ്ടമാവതാരമായ ഭഗവാൻ ശ്രീകൃഷ്ണനായി അവതരിച്ചിരുന്നതും വിഷ്ണുദേവൻ തന്നെയായ കൽകി ആകുന്നു. അക്കാലത്തെ അവതാരലീലകൾ പ്രസിദ്ധമാണ്. കൽകിയ്ക്ക് ഇപ്രകാരമുള്ള അനവധി ദേവരഹസ്യങ്ങളുണ്ട്. സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതി ദേവിയോട് അറിയിച്ചു.

ശ്രീകൃഷ്ണ ഭഗവാനും കൽകിയും വ്യത്യസ്തമല്ല, ഒന്നുതന്നെയാണെന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാക്കി ശിവദേവൻ കൽകി ഭഗവാന്റെ അവതാര മാഹാത്മ്യത്തെ ലോകത്തോടും വിശിഷ്യ ഭക്തരോടും അറിയിക്കുകയാണ്.

വിഷ്ണുദേവന്റെ അവതാരമാണ് ഈ നാഡിതാളിയോലയിൽ രേഖപ്പെടുത്തിയ ജനന തിയ്യതിപ്രകാരമുള്ള കൽകി എന്നതിനുള്ള സുപ്രധാനമായ തെളിവാണിത്.

കൽകി അവതാര മാഹാത്മ്യവും ഭഗവദ് ചരിതവും പൂർവ്വാവതാരങ്ങളും ഇഹലോകങ്ങളുടെയെല്ലാം അധിപനായ ശിവദേവനോളം മറ്റാർക്കുമറിയില്ല! വിധിക്കാനും വിജയിപ്പിക്കാനുമുള്ള അധികാരവും അവകാശവും ശിവദേവനും വിഷ്ണുദേവനും മാത്രം സ്വന്തം!

## പൂർവ്വാവതാരം: ശ്രീകൃഷ്ണൻ. ദ്രൗപദിയെ രക്ഷിച്ചതും നീ!

10. ഉദവിയത് ശെയ്തവൻനീ പാഞ്ചാലിയ്ക്കും (1):10:2.

ഉദവിയത്=സഹായം, ശെയ്തവൻ നീ=നൽകിയവൻ നീ, ചെയ്തവൻ നീ! (കൽകി), പാഞ്ചാലിയ്ക്കും =ദ്രൗപദിക്കും (അർജ്ജുനന്റെ മാത്രം പത്നി).

# പാഞ്ചാലിയെ (ദ്രൗപദിയെ) സഹായിച്ചതും നീ (കൽകി)!!

(1):10:2.

**- സർവ്വാധികാരി പരമഗുരു ശിവദേവൻ**

പഞ്ചപാണ്ഡവരിൽ പ്രമുഖനും വില്ലാളിവീരനുമായ അർജ്ജുനന്റെ മാത്രം പ്രിയപത്നിയായി ജീവിയ്ക്കുന്നതിന് ദ്രൗപദിയെ (പാഞ്ചാലി) നീതിപൂർവ്വം സഹായിച്ച ഭഗവാൻ ശ്രീകൃഷ്ണനും കൽകി ഭഗവാനായ നീ തന്നെ എന്ന് ചരിത്രപരമായി

**എന്തുകൊണ്ട് ദ്രൗപദിയെ പാഞ്ചാലിയെന്ന് വിളിയ്ക്കുന്നു ?**

**പാഞ്ചാല രാജനായ ദ്രുപദന്റെ പുത്രിയായതിനാൽ ദ്രൗപദിയെ പാഞ്ചാലിയെന്നും വിളിയ്ക്കാറുണ്ട്.**

– കൽകി

സാക്ഷ്യപ്പെടുത്തിക്കൊണ്ട് സർവ്വാധികാരി പരമഗുരു ശിവദേവൻ കൽകിയോട് നേരിട്ട് സംസാരിക്കുകയാണ്.

അഷ്ടമാവതാര ശ്രീകൃഷ്ണനായി ദ്രൗപദിയെ നീതിപൂർവ്വം പരിരക്ഷിച്ചതും വിഷ്ണുദേവൻ ആകുന്ന കൽകിയായിരുന്നു എന്ന ദേവരഹസ്യത്തെ സർവ്വാധികാരിയും സർവജ്ഞനുമായ ശിവദേവൻ ഭക്തരോടായി വിളംബരം ചെയ്യുകയാണ്. ശ്രീകൃഷ്ണ ഭഗവാനും കൽകിയും ഒന്നു തന്നെ! ഭിന്നമല്ല!!

വിഷ്ണുദേവന്റെ അഷ്ടമാവതാരമായ ശ്രീകൃഷ്ണൻ ചരിത്രപുരുഷനാണെന്ന് തെളിയിക്കുകയാണ് ശിവദേവൻ.

ശ്രീകൃഷ്ണൻ സങ്കൽപ്പമല്ലായെന്നും, ആരൊക്കെയോ എഴുതിവെച്ച കഥകളിലെ അതിമാനുഷ കഥാപാത്രങ്ങളിലൊരാളല്ലായെന്നും കൃത്യമായി തെളിയിക്കുകയാണ് ശിവദേവൻ.

ആയിരക്കണക്കിന് വർഷം മുമ്പേ, ഇക്കാലത്ത് ജനിക്കുന്ന കൽകിയുടെ കൃത്യമായ ജനനതിയ്യതി, പേര്, മാതാപിതാക്കളുടെ പേര്, നക്ഷത്രം, ഗ്രഹനില കുടുംബ വിവരങ്ങൾ തുടങ്ങിയവയോടൊപ്പം പൂർവ്വാവതാര ശൃഖലയിലെ ഏറ്റവും പ്രാധാന്യമുള്ള ശ്രീകൃഷ്ണാവതാരത്തിൽ ദ്രൗപദിയെ രക്ഷിച്ചതും നീ തന്നെ എന്ന് വ്യക്തമായി അറിയിക്കുന്നതിലൂടെ അഷ്ടമാവതാര ശ്രീകൃഷ്ണനും ചരിത്രപുരുഷനാകുന്നു എന്ന് ലോകത്തോട് വിളംബരം ചെയ്യുകയാണ് സർവ്വാധികാരി പരമഗുരു ശിവദേവൻ.

ദേവവർഗ്ഗം സങ്കൽപ്പമല്ല, യഥാർത്ഥത്തിൽ നിലവിലുള്ളതാണെന്ന് തെളിയിക്കപ്പെടുന്ന അസുലഭ നിമിഷം കൂടിയാണിത്. •

YouTube Video: https://www.youtube.com/watch?v=2-17T_fG4qk

# ദ്രൗപദീപതി അർജ്ജുനൻ മാത്രം - ശ്രീകൃഷ്ണൻ

## യഥാർത്ഥ ശ്രീകൃഷ്ണ പൂർവ്വാവതാര ചരിതം കൽകി വെളിപ്പെടുത്തുന്നു

Author



Kalki

ആദ്യമായി 2000ൽ കൽകി ഭഗവാൻ യുഗ ധർമ്മ മാസികയിലും [R.N.E6 - 37523/98. (ഇപ്പോൾ പ്രസിദ്ധീകരിയ്ക്കുന്നില്ല.)], പിന്നീട് 2008ൽ പുസ്തകമായും പ്രസിദ്ധീകരിച്ചതിനുശേഷം, 2010 സപ്തംബർ 21ന് ജന്മഭൂമി പത്രത്തിലും പ്രസിദ്ധീകരിച്ചു.

കുശവഗൃഹത്തിൽ വളരെ കുറച്ചേ സ്ഥലമുള്ളൂ. സൗകര്യങ്ങളുമില്ല. എങ്കിലും ഇന്നത്തെ സാഹചര്യത്തിൽ അതും അനുഗ്രഹമാണ്. മാതാ കുന്തി തിരക്കിട്ട് ഭക്ഷണം തയ്യാറാക്കുന്നതിനിടയിലും ഭഗവാൻ ശ്രീകൃഷ്ണനെ സ്മരിച്ചു.

മക്കൾ വരുമ്പോഴേക്കും പാചകം പൂർത്തിയാകണം. ദീർഘയാത്രകൾ കുന്തിയെ തളർത്തിയിട്ടുണ്ട്. വല്ലാത്ത ക്ഷീണം. സഹായിക്കുവാൻ മറ്റാരുമില്ല.

ഭക്ഷണം പാകംചെയ്യുന്ന കുന്തി പുത്രസ്മരണയിൽ മുഴുകി.

ഭീമനിപ്പോൾ വിശന്ന് പരവശനായിട്ടുണ്ടാകും. യുധിഷ്ഠിരനാണെങ്കിൽ സ്വല്പംപോലും വിശപ്പ് സഹിക്കുവാൻ കഴിയില്ല. അർജ്ജുനൻ ഒന്നും പറയില്ല. അതുപോലെ നകുലനും സഹദേവനും പരിഭവം പറഞ്ഞ് ഒട്ടും പ്രയാസങ്ങൾ ഉണ്ടാക്കുകയില്ല. എല്ലാത്തിലും കുടിത്തരികയും ചെയ്യും!

അഞ്ച് മക്കൾ! പക്ഷേ വിധി..? ഓർമ്മകൾ കുന്തിയെ തഴുകിക്കൊണ്ടിരുന്നു.

# നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ - കൽകി

പുറത്ത് മക്കളുടെ കാൽപെരുമാറ്റം കേട്ടുവോ? കുന്തി സൂക്ഷ്മതയോടെ കാതോർത്തു. അതെ! അവർ വരുന്നുണ്ട്! കുന്തി സ്വയം ആശ്വസിച്ചു.

ഒട്ടേറെ യാത്ര ചെയ്തിട്ടുണ്ട്. കുന്തിക്ക് ശരീരമാസകലം നുറുങ്ങുന്ന വേദന! എഴുന്നേൽക്കുവാൻപോലും പ്രയാസം. അസ്വസ്ഥതകളെ സാരമാക്കാതെ ധൃതിയിൽ കുന്തി പാചകത്തിൽ മുഴുകി.

അതിനിടെ അപ്രതീക്ഷിതമായി-

“മാതാ! ഇന്നത്തെ ഭിക്ഷ വിശേഷം!!” പൂമുഖത്തെത്തി യുധിഷ്ഠിരൻ ആഹ്ലാദത്തോടെ അകത്തുള്ള കുന്തിയോട് വിളിച്ചു പറഞ്ഞു.

“എന്തായാലും തുല്യമായെടുത്തോളൂ!!”

ഉത്തരക്ഷണത്തിൽ ഒട്ടും പരിശോധിക്കുകയോ അന്വേഷിക്കുകയോ ചെയ്യാതെയുള്ള കുന്തിയുടെ മറുപടി പൊടുന്നനെ യുധിഷ്ഠിരനിൽ നിഗൂഢമായ ചലനമുളവാക്കി!!

എന്നാൽ മക്കളുടെ ശബ്ദം കേട്ട് പൂമുഖത്തെത്തിയ കുന്തി ദ്രൗപദിയെ കണ്ടമാത്രേ ആകെ തളർന്നുപോയി!! സാധാരണപോലുള്ള ഭിക്ഷയെന്ന് കരുതി താൻ പറഞ്ഞ വാക്കുകൾ...

ഹൊ! വയ്യ!! കുന്തി ആകെ വിവശയായി.

ആരാണിവർ?

സംശയത്തോടെ ദ്രൗപദിയെ ആസകലം വീക്ഷിച്ച കുന്തി സധൈര്യം കാര്യങ്ങൾ അന്വേഷിച്ചു.

വിഭ്രമാവസ്ഥയിലാണെങ്കിലും അതിനെ പുറത്ത് കാണിക്കാതിരിക്കുവാൻ കുന്തി വളരെ ശ്രദ്ധിച്ചു.

“വീരനായ അർജ്ജുനന്റെ ധീരതയ്ക്ക് ലഭിച്ച ന്യായമായ സമ്മാനം!!”

സന്ദർഭോചിതമായ യുധീഷ്ഠിരന്റെ മറുപടി വിശേഷം തന്നെ!!

യുധീഷ്ഠിരൻ അങ്ങനെത്തന്നെയാണല്ലോ? താൻ ഉദ്ദേശിക്കുന്നത് എന്താണെന്ന് ഒരിക്കലും വെളിപ്പെടുത്താത്തവിധം ഗുപ്തമായും എന്നാൽ വളരെ തന്മയത്വത്തോടേയും സമയോചിതമായി അവതരിപ്പിക്കുന്നതിൽ യുധീഷ്ഠിരന്റെ പ്രാവീണ്യത സവിശേഷം തന്നെ!!

തുടർന്ന് യുധീഷ്ഠിരൻ കാര്യങ്ങളെല്ലാം വിശദമായി കുന്തിക്ക് വിവരിച്ചു കൊടുത്തു. സ്വയംവരവും അർജ്ജുന-ദ്രൗപദി പാണിഗ്രഹണവും.

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ വളരെ പക്വതയോടെ കുന്തി ദ്രൗപദിയെ അകത്തേക്ക് കൂട്ടി കൊണ്ടുപോയി ആചാരമര്യാദകളോടെ സ്വീകരിച്ചു. അതിനുശേഷം കുന്തി യുധീഷ്ഠിരാദികളുടെ സമീപത്തേക്ക് വന്നു.

“ഇരിക്കു മക്കളെ....”

വാൽസല്യത്തോടെ കുന്തി മൊഴിഞ്ഞു.

ഇനി എന്തു ചെയ്യും?...എന്റെ വാക്കുകൾ ഫലിക്കുകയും വേണം. പക്ഷേ ധർമ വിരുദ്ധവും സദാചാര വിരുദ്ധവുമായ യാതൊന്നും സംഭവിക്കുവാനും പാടില്ല.

അബദ്ധത്തിൽ അടർന്നുവീണ തന്റെ വാക്കുകളെ ചൊല്ലി കുന്തി പരിതപിക്കുവാൻ തുടങ്ങി.

“അമ്മ പറയുന്നതുപോലെ ചെയ്യാം..?” അതിനിടെ അമ്മയെ പ്രയാസപ്പെടുത്താതിരിക്കാനായി അർജ്ജുനൻ സ്വന്തം തീരുമാനത്തെ അറിയിച്ചു.

“പങ്ക് വെക്കുവാൻ ഇതൊരു വസ്തുവല്ലല്ലോ? പത്നിയല്ലേ..?”

കുന്തിയുടെ മറുചോദ്യം എല്ലാവരേയും നിശബ്ദരാക്കി.

“എന്നാൽ വ്യാസനോട് ചോദിക്കാം! ധർമത്തിന്റെ യഥാസ്ഥിതി അദ്ദേഹത്തോളം മറ്റാർക്കറിയാം?”

എന്തോ തീരുമാനിച്ചതുപോലെയുള്ള യുധീഷ്ഠിരന്റെ നിർദ്ദേശം കുന്തിയെ ഭയപ്പെടുത്തി.

“അപ്പോൾ കൃഷ്ണനോ?” ക്ഷണമാത്രേ കുന്തി അസ്വസ്ഥതയോടെ ചോദിച്ചു.

“ആവാം! പക്ഷേ വ്യാസനാകുമ്പോൾ ശാസ്ത്രങ്ങളത്രയും വശമാണ്!!”

യുധിഷ്ഠിരൻ ന്യായീകരിക്കുവാൻ തുടങ്ങവേ കുന്തി നിശബ്ദയായി. ഇനിയും തുടർന്നാൽ ഒരുപക്ഷേ കലഹം തന്നെയുണ്ടായേക്കും.

താനറിയാതെ ചൊല്ലിയ വാക്കുകളെ ആയുധമാക്കി യുധിഷ്ഠിരൻ അഭ്യാസം നടത്തുകയാണോ? കുന്തിക്ക് വിഷമമായി.

“മാതാവിന്റെ വാക്കുകൾ അനുസരിക്കുമ്പോഴല്ലേ പുത്രധർമം പാലിക്കപ്പെടുന്നത്?” അതിനിടെയുള്ള യുധിഷ്ഠിരന്റെ ചോദ്യം വിഷയത്തെ വീണ്ടും സജീവമാക്കി.

“അങ്ങനെയെങ്കിൽ എന്തായാലും തുല്യമായി എടുത്തോളൂ എന്ന മാതാവിന്റെ വാക്കുകൾ പാലിക്കുവാൻ നാം ബാധ്യസ്ഥരല്ലേ?” പ്രത്യേക ഉദ്ദേശ്യം വെച്ചുള്ള യുധിഷ്ഠിരന്റെ ചോദ്യം കുന്തിയിൽ അസ്വസ്ഥതയുളവാക്കി.

“ധർമത്തെക്കുറിച്ച് ജ്യേഷ്ഠനു തന്നെ നല്ല വശമല്ലേ?” ഭീമൻ യുധിഷ്ഠിരന് വിട്ടുകൊടുത്തു.

“ശരി! ഞാനൊന്ന് പര്യാലോചിക്കട്ടെ!” യുധിഷ്ഠിരന്റെ മറുപടി വിഷയത്തിന് താൽക്കാലികമായ വിരാമമേകി.

എല്ലാവരും എഴുന്നേറ്റു.

“ഇനി ആഹാരം കഴിക്കാം.” എല്ലാവരേയും ക്ഷണിച്ച് കുന്തി അകത്തേക്ക് കടക്കവേ, പെട്ടന്ന് നിന്നു!

വാതിലിന്റെ വശംചാരി ദ്രൗപദി!!

കൃഷ്ണനെപോലെ ഭംഗിയുള്ള ഇരുനിറം! സുന്ദരി! പാഞ്ചാലരാജനായ ദ്രുപദന്റെ പുത്രി! പാഞ്ചാലിയെന്നും കൃഷ്ണയെന്നും വിളിക്കും! ഭഗവാൻ ശ്രീകൃഷ്ണന്റെ ഉത്തമ ഭക്ത.

എല്ലാം കേട്ടിട്ടുണ്ടാകും. ദ്രൗപദിയുടെ ദൈന്യത കലർന്ന കണ്ണുകൾ എന്തോ

അരുതേ എന്ന് വിളിച്ചു പറയുന്നില്ലേ? കുന്തിക്ക് വിഷമമായി.

“വരൂ!...” കുന്തി സ്നേഹത്തോടെ ദ്രൗപദിയെ അകത്തേക്ക് വിളിച്ചു.

അത്താഴം കഴിഞ്ഞ് എല്ലാവരും കിടന്നു.

താൻ ചൊല്ലിയ വാക്കിനാൽ ധർമവിരുദ്ധമായ യാതൊന്നും സംഭവിക്കരുതേയെന്ന് കുന്തി ശ്രീകൃഷ്ണനേ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എല്ലാം കൃഷ്ണന്റെ തീരുമാനപ്രകാരം മാത്രമേ ചെയ്യുകയുള്ളൂവെന്നും കുന്തി തീരുമാനിച്ചു.

********** ************ ************

ക്ഷീണത്താൽ പെട്ടന്ന് മയങ്ങിപ്പോയ കുന്തി ഞെട്ടിയുണർന്നു. അകലെ കുളമ്പടി ശബ്ദം കേൾക്കുന്നില്ലേ? കുന്തി കാതോർത്തു.

ഒരുപക്ഷേ ശത്രുക്കൾ തിരിച്ചറിഞ്ഞിട്ടുണ്ടാകുമോ? ദ്രുപദന് സംശയം തോന്നിയോ? ആയോധന പാടവം അർജ്ജുനനെ തിരിച്ചറിയുവാൻ ഇടയാക്കിയോ?

ദുശ്ശാസനൻ വാർത്ത അറിഞ്ഞിട്ടുണ്ടാകുമോ? ധർമ്മിഷ്ഠനായ ദുര്യോധനന് തികച്ചും അപമാനമായ സഹോദരൻ . അതാണ് ദുശ്ശാസനൻ !! ഇനി അവനെന്തെങ്കിലും കുബുദ്ധി പ്രയോഗിച്ചോ? അവനെന്നും ദുര്യോധനന്റെ അധികാരത്തെ കൈവശപ്പെടുത്തുകയാണല്ലോ ലക്ഷ്യം? പക്ഷേ സാധാരണ ആർക്കും അറിയുവാൻ കഴിയില്ലെന്ന് മാത്രം!!

ചിന്തകൾ മഥിച്ചുകൊണ്ടിരിക്കേ, അകലെ കുളമ്പടി ശബ്ദം ഉച്ചത്തിലായി.

രഥചക്രത്തിന്റെ ശബ്ദവും കേൾക്കുന്നില്ലേ? ഭയാശങ്കകളോടെ കുന്തി സശ്രദ്ധം കാതോർത്തു.

രഥത്തിലിപ്പോൾ ആരായിരിക്കും? കൃഷ്ണനായിരിക്കുമോ? അതോ ശത്രുക്കളോ? ചിന്തകളിൽനിന്ന് ഉണർന്ന കുന്തി ഒരു മൺചെരാഗ് കത്തിച്ച് മക്കളെയെല്ലാം ശ്രദ്ധിച്ചു.

വളരെ ചെറിയ മുറിയായതിനാൽ എല്ലാവരും ഒരുമിച്ചായിരുന്നു കിടന്നിരുന്നത്.

യാത്രാക്ഷീണം ദ്രൗപദിയെ വല്ലാതെ തളർത്തി. പതിവില്ലാത്തതല്ലേ? പാവം കുട്ടി! ഈ നരകത്തിലെത്താനാണ് വിധി? കുന്തിക്ക് സങ്കടമായി.

ഭീമനും അർജ്ജുനനും നകുലസഹദേവന്മാരും ഒരുമിച്ചാണെങ്കിലും, യുധിഷ്ഠിരൻ മാത്രം വേറെത്തന്നെയാണ് കിടക്കുന്നത്. എല്ലാവരും എപ്പോഴും യുധിഷ്ഠിരനെ പ്രത്യേകം ബഹുമാനിച്ചിരുന്നു.

തളർന്നുറങ്ങുന്ന മക്കളെ നോക്കി കുന്തി നെടുവീർപ്പിട്ടു.

വിളിക്കണോ?

ശങ്കിച്ചുനിൽക്കവേ, രഥം ഭവനത്തിന് മുമ്പിലെത്തിക്കഴിഞ്ഞു.

കുന്തി വേഗം എല്ലാവരെയും വിളിച്ചു.

ദ്രൗപദി ഉൾപ്പെടെ എല്ലാവരും എഴുന്നേറ്റു. അടക്കിയ ശബ്ദത്തിൽ കുന്തി എല്ലാം പറഞ്ഞു. ക്ഷണമാത്രേ എല്ലാവരും ആയുധധാരികളായി.

കാലടിയൊച്ച കൂടിവരുന്നു-

അർജ്ജുനൻ ജാഗരൂകനായി. ഭീമൻ ഗദാധാരിയായി എന്തിനും തെയ്യാറായി ക്കഴിഞ്ഞു. യുധിഷ്ഠിരനും നകുലസഹദേവന്മാരും പോരാടാൻ ഒരുങ്ങിക്കഴിഞ്ഞു.

കഴിഞ്ഞ കുറേക്കാലത്തെ ശീലംകൊണ്ട് എല്ലാവരും പെട്ടെന്ന് തയ്യാറായി.

ഇവിടേയും പ്രശ്നങ്ങളുണ്ടായാൽ, തൽക്കാലത്തേക്കെങ്കിലും താമസിക്കുവാൻ ഇടംതന്ന ആ സാധു മനുഷ്യനും മറ്റിടങ്ങളിൽ ഉള്ളവരെപ്പോലെത്തന്നെ പെരുമാറുമോ? അനുഭവം അങ്ങനെയാണല്ലോ?

ഇപ്പോഴാണെങ്കിൽ ദ്രൗപദിയുംകൂടിയുള്ളതുകൊണ്ട്.... പ്രബലരായ അഞ്ച് മക്കളുണ്ടായിട്ടും അത്താണിയായി ഒരിടമില്ലെന്ന് ആലോചിക്കുമ്പോൾ... എല്ലാം വരുത്തിവെച്ചതല്ലേ?

യാഥാർത്ഥ്യത്തിലേക്ക് എത്തിനോക്കിയ കുന്തിയുടെ ചിന്തകൾ, പുറത്തെ ശക്തമായ കാൽപ്പെരുമാററത്തിൽ ചിന്നിച്ചിതറി.

"ഹേ പാണ്ഡവരേ! കതക് തുറന്നാലും, ശത്രുക്കളല്ല. മിത്രങ്ങൾ തന്നെ!"

കതകിന് മുട്ടി അവർ അറിയിച്ചു.

കാൽപ്പെരുമാറ്റത്തിലെ വ്യത്യസ്തത അംഗസംഖ്യയുടെ വർദ്ധനവിനെ സൂചിപ്പിക്കുന്നു. കുന്തി ശ്രദ്ധിച്ചു.

അതിനിടെ യുധിഷ്ഠിരൻ ധൈര്യസമേതം വാതിൽ തുറന്നു.

ആശ്ചര്യം!!

പാഞ്ചാലരാജൻ ദ്രുപദനും സംഘങ്ങളും!!!

യുധിഷ്ഠിരൻ വേഗം രാജാവിനേയും സംഘങ്ങളേയും സ്വീകരിച്ചിരുത്തി. പരിമിത സൗകര്യങ്ങൾക്കുള്ളിലെ അതിഥി സൽക്കാരം ഗംഭീരമായി!

ദ്രൗപദിയുടെ സാമീപ്യം ദ്രുപദനിൽ ദു:ഖത്തിന്റെ അലയോലി ഉയർത്തി.

രാജകീയ സൗകര്യങ്ങളോടെ കഴിഞ്ഞവൾ ഒരു ദിവസംകൊണ്ട് സാധാരണക്കാരിയായി! എന്തൊരു വിധി!! എങ്കിലും ഇഷ്ടപെട്ടവനെത്തന്നെ ലഭിച്ചല്ലോ? ബാക്കിയെല്ലാം ശരിയാക്കാവുന്നതേയുള്ളൂ! അങ്ങനെ ആശ്വസിക്കാം. ദ്രുപദന്റെ കണ്ണുകൾ നിറഞ്ഞു.

“പാണ്ഡവരാണെന്ന് ആദ്യമേ നമുക്ക് സംശയമുണ്ടായിരുന്നു.” അതിഥി സൽക്കാരത്തിനുശേഷം ദ്രുപദൻ ആരംഭിച്ചു.

“കൃഷ്ണനോട് അന്വേഷിച്ചപ്പോൾ സംശയ നിവൃത്തിയായി; ശ്രീകൃഷ്ണൻ സ്വയംവരത്തിന് എത്തിയില്ലെങ്കിലും.” ഇടയ്ക്കൊന്നു നിർത്തി വത്സലപുത്രി കൃഷ്ണയെന്ന പാഞ്ചാലിയെ നോക്കി പാഞ്ചാലരാജൻ തുടർന്നു.

“പിന്നെ... ധൃതിയായി! ചാരന്മാരുടെ നിർദ്ദേശപ്രകാരം യാത്ര ആരംഭിച്ചു. അതിനിടെ, അസമയത്ത് എത്തിയത് അസൗകര്യമായോ?”

പക്വതയാലും വിനയത്താലും സമ്പന്നനായ ദ്രുപദന്റെ ക്ഷമാപണം എല്ലാവർക്കും ഹൃദ്യമായി.

“അങ്ങയുടെ ആഗമനം ഞങ്ങളുടെ ഭാഗ്യം!!” സന്ദർഭാനുസരണമുള്ള യുധിഷ്ഠിരന്റെ മറുപടി കുറിക്കുകൊണ്ടു.

“വളരെ ആശിച്ചുണ്ടായതിനാൽ, ഇതുവരേയും ദ്രൗപദിയെ പിരിഞ്ഞിരുന്നിട്ടില്ല. മകളുടെ വേർപാട് വലിയ വേദനയുളവാക്കി. മാത്രമല്ല, പിതാവെന്ന സ്ഥാനപ്രകാരം മകളോടുള്ള കർത്തവ്യം നിറവേറ്റിയതിൽ ഒട്ടേറെ പാളിച്ചകൾ സംഭവിചിട്ടുണ്ട്. ശ്രീകൃഷ്ണ ഭഗവാന്റെ ഉപദേശ നിർദ്ദേശങ്ങൾ കേട്ടപ്പോഴാണ് നാം ആ വാസ്തവം അറിഞ്ഞത്! അതുകൊണ്ട് എത്രയും പെട്ടെന്ന് ഇവിടെ എത്തുവാനായി.”

സന്ദർശനോദ്ദേശ്യത്തെ വ്യക്തമാക്കുന്ന ദ്രുപദന്റെ വാക്കുകൾ യുധിഷ്ഠിരനിൽ അസ്വാസ്ഥ്യം സൃഷ്ടിച്ചുവോ? കുന്തി ശ്രദ്ധിച്ചു.

“അങ്ങയുടെ സാന്നിധ്യത്താൽ ഈ കുടിലുപോലും ശ്രേഷ്ഠമായില്ലേ!!” യുധിഷ്ഠിരന്റെ ഭവ്യത കലർന്ന മറുപടി ദ്രുപദരാജനിൽ സംപ്രീതിയുളവാക്കി.

അതിനിടെ രഥത്തിന്റെ ശബ്ദം ഗ്രാമവാസികളെ ഉണർത്തി. പക്ഷേ രാജാവിന്റെ നിർദ്ദേശത്താൽ കൂടെയുള്ള അംഗരക്ഷകർ എല്ലാം ഭംഗിയായി നിർവ്വഹിച്ചു. പ്രജകൾ സ്വന്തം വാസസ്ഥലങ്ങളിലേക്ക് തിരിച്ചുപോയി.

വീണ്ടും ദ്രുപദരാജനുമായുള്ള സംഭാഷണം ആരംഭിച്ചു.

“എല്ലാവരേയും കൊട്ടാരത്തിലേക്ക് ക്ഷണിക്കുവാനാണ് ദൂതന്മാർക്ക് പകരം നാം തന്നെ എഴുന്നള്ളിയത്. അർഹരായവരെ അതേപ്രകാരം തന്നെ അറിയിക്കണമല്ലോ?”

ദ്രുപദന്റെ വാക്കുകൾ യുധിഷ്ഠിരനിൽ തെല്ല സംശയമുണർത്തി.

“കൃഷ്ണൻ നിങ്ങൾക്കായി കാത്തിരിക്കുന്നുമുണ്ട്!” ദ്രുപദൻ എല്ലാവരേയും വീക്ഷിച്ചു.

“ശത്രുക്കൾ നിങ്ങളെ തിരിച്ചറിഞ്ഞതിനാൽ... സുരക്ഷിതത്വം, അതേറ്റവും പ്രധാനപ്പെട്ടതാണല്ലോ?” ആശങ്കയോടെ ദ്രുപദൻ കാര്യത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി.

യുധിഷ്ഠിരൻ എതിർക്കുമോ? കുന്തി സംശയിച്ചു.

“ശരി! എല്ലാം അങ്ങയുടെ ഇച്ഛപോലെ!! യുധിഷ്ഠിരൻ വേഗം അനുസരിച്ചു. ഭഗവാൻ ശ്രീകൃഷ്ണനോടുള്ള കുന്തിയുടെ പ്രാർത്ഥന ഫലിച്ചു.

എല്ലാവരും വളരെ പെട്ടെന്ന് യാത്രയായി.

********** ************ ************

യാത്രക്കിടയിൽ ആരും സംസാരിച്ചില്ല. കുന്തി എല്ലാം പ്രത്യേകം ശ്രദ്ധിച്ചു. സർവ്വേശ്വരന്മാരായ ബ്രഹ്മദേവനേയും ശിവദേവനേയും വിഷ്ണുദേവനേയും അക മഴിഞ്ഞ് കുന്തി പ്രാർത്ഥിച്ചു. ശ്രീകൃഷ്ണന്റെ ദിവ്യാനുഗ്രഹം ഉള്ളതിനാൽ എല്ലാം ഭംഗിയായും ധാർമ്മികമായും മാത്രമേ സംഭവിക്കുകയുള്ളൂ. ഭഗവാൻ ശ്രീകൃഷ്ണൻ ഭക്തവത്സലനാണ്. കുന്തി ശ്രീകൃഷ്ണ ഭക്തിയിൽ മുഴുകി.

എന്തായാലും ശ്രീകൃഷ്ണൻ അവിടെയുള്ളതുകൊണ്ട് ദ്രൗപദിയുടെ കാര്യത്തിൽ പേടിക്കേണ്ടതില്ല. കുന്തി ആശ്വസിച്ചു. ഒരു സ്ത്രീ അഞ്ച് സഹോദരന്മാരുടെ പത്നിയാവുക എന്നതിലും വലിയ അപമാനം മറ്റെന്താണുള്ളത്?

ഹൊ! ഓർക്കുവാൻപോലും വയ്യ! അഞ്ച് സഹോദരന്മാർക്കും പത്നിയാകേണ്ടി വന്നാൽ ദ്രൗപദിയുടെ അവസ്ഥ എന്താകും? അഭിമാനമുള്ളവരാരും അതിന് തയ്യാറാവുകയില്ല? ദ്രുപദരാജാവിന്റെ മകൾക്കാണോ അഭിമാനത്തിൽ കുറവ്?

ആരേയും ഭയക്കാത്ത തന്റേടിയായ ദ്രൗപദി ഇത്രയും ഹീനമായ വിഷയമുണ്ടാ യിട്ടും പക്വതയോടെ മാത്രമേ പെരുമാറിയിട്ടുള്ളൂ. അവൾ അത്രകണ്ട് അർജ്ജു നനെ ഇഷ്ടപ്പെടുന്നുണ്ടാകും. അല്ലെങ്കിൽ ദ്രുപദന്റെ മകൾ എന്തിന് അലഞ്ഞ് നടക്കുന്ന അർജ്ജുനനെ തന്നെ വരണമാല്യം ചാർത്തി സ്വീകരിക്കണം? ശ്രീകൃ ഷ്ണന്റെ ഇച്ഛയായിരിക്കുമിത്. കുന്തി ഗഹനമായ ചിന്തയിലാണ്ടു.

രഥം കൊട്ടാരത്തിലെത്തി. രാജാവ് അതിഥികൾക്ക് വിശ്രമിക്കുവാനുള്ള സൗ കര്യങ്ങൾ മുമ്പേ ഏർപ്പെടുത്തിയിരുന്നു. കുന്തിയോടൊപ്പം ദ്രൗപദിയും പാണ്ഡ വർക്കരികിൽ വിശ്രമിച്ചു. കളിച്ചു വളർന്ന കൊട്ടാരം! അത് വിസ്മരിച്ചപോലെ യായിരുന്നു ദ്രൗപദിയുടെ പെരുമാറ്റം.

ഒരു ദിവസംകൊണ്ടുള്ള ദ്രൗപദിയുടെ മാറ്റം കുന്തിയെ ആശ്ചര്യപ്പെടുത്തി. ഇത്രയും പക്വത ഈ കുട്ടിക്ക് എങ്ങനെ ലഭിച്ചു! കുന്തിക്ക് ദ്രൗപദിയെ വളരെ ഇഷ്ടമായി.

സഭയിൽവെച്ച് ദ്രുപദൻ പാണ്ഡവരോടുള്ള ഉപചാരങ്ങളും ആദിത്യമര്യാദകളും

വിധിപ്രകാരം ചെയ്തു. ശ്രീകൃഷ്ണൻ സഭയ്ക്ക് തിളക്കമേകി ഉചിതമായ സ്ഥാനത്ത് തന്നെയുണ്ട്. കുന്തിക്ക് ആശ്വാസമായി.

"നാം തന്നെയാണ് ഈ അവസരം ഒരുക്കിയത്!" കൃഷ്ണന്റെ മധുരമായ ശബ്ദം ഒഴുകിയെത്തി. കുന്തി പ്രത്യേകം ശ്രദ്ധിച്ചു.

"ഹേ യുധിഷ്ഠിരൻ! ധർമത്തിൽ നിലകൊള്ളുകയാണെങ്കിൽ ഇന്നത്തെ പ്രയാസങ്ങളിൽനിന്നും വിമുക്തരാവാം. അതിനാകുന്ന ഈ അവസരം." കൃഷ്ണൻ ആരംഭിച്ചു.

പക്ഷേ, യുധിഷ്ഠിരൻ പ്രതികരിച്ചില്ല.

"അർജ്ജുനൻ ഇപ്പോൾ വെറും അർജ്ജുനനല്ല! ദ്രൗപദിയുടെ പതിയും മഹാരാജാ ദ്രുപദന്റെ മരുമകനുമായ അർജ്ജുനനാകുന്നു!! അതിനാൽ നിർബന്ധമായും ആ യശസ്സ് നിലനിർത്തിയേ പറ്റൂ." ഗാംഭീര്യതയാൽ പ്രശോഭിതമായ ശ്രീകൃഷ്ണന്റെ വാക്കുകൾ ശ്രദ്ധേയമായി.

"ദ്രൗപദി ആരുടെയെല്ലാം പതിയായിരിക്കണമെന്ന് തീരുമാനമായിട്ടില്ലല്ലോ?"

കൃഷ്ണന്റെ വാക്കുകളെ ഖണ്ഡിച്ചുകൊണ്ട് യുധിഷ്ഠിരൻ പൊടുന്നനെ വാദമുന്നയിച്ചു. കൃഷ്ണനൊഴികെ എല്ലാവരും സ്തബ്ധരായി! കുന്തിയും നടുങ്ങിപ്പോയി!

"ഇത്ര അസംബന്ധം പറയുവാൻ മാത്രം വിശേഷിച്ചെന്തെങ്കിലും?" സാധാരണ പോലുള്ളതാണെങ്കിലും പരിഹാസദ്യോതകമായ കൃഷ്ണന്റെ ചോദ്യം യുധിഷ്ഠിരനിൽ രോഷാഗ്നി വളർത്തി.

"ഞങ്ങൾ മാതാവ് പറയുന്നത് അനുസരിക്കുന്നവരാണ്." ശാന്തമാണെങ്കിലും യുധിഷ്ഠിരന്റെ വാക്കുകൾ എല്ലാവരിലും അസഹ്യതയുളവാക്കി.

വിപരീതമായ അന്തരീക്ഷത്തിലേക്കാണ് കാര്യങ്ങളുടെ ഗതിയെന്ന് തിരിച്ചറിഞ്ഞ കുന്തി വേഗം ഇടപെട്ടു.

"കേൾക്കു കൃഷ്ണാ! ആഹാരമുണ്ടാക്കുന്ന തിരക്കിനിടയിലാണ് ദ്രൗപദിയേയും കൂട്ടി ഇവരെത്തിയത്. വിശേഷമായ ഭിക്ഷയാണ് കൊണ്ടുവന്നതെന്ന് യുധിഷ്ഠി

രൻ പൂമുഖത്തുനിന്ന് വിളിച്ചുപറഞ്ഞപ്പോൾ, യഥാർത്ഥത്തിൽ എന്താണെന്ന് അന്വേഷിക്കുന്നതിനുമുമ്പേ എന്തായാലും തുല്യമായെടുത്തോളൂ എന്ന് ഞാനങ്ങ് പറഞ്ഞുപോയി! അതിനെയാണ് യുധിഷ്ഠിരൻ ഈ പറയുന്നത്!!" കുന്തിയുടെ മൊഴികൾ അവസരോചിതമായി.

ദ്രൗപദിയുടെ കണ്ണുകൾ ആശ്വാസത്താൽ വിടർന്ന് വികസിച്ചു. ദ്രുപദനും പത്നിയും മറ്റെല്ലാവരും ആശങ്കാകുലരായി.

"ഇത്രേയുള്ളോ?" കൃഷ്ണന്റെ മറുപടി യുധിഷ്ഠിരനെ ചൊടിപ്പിച്ചു.

"എന്താ മാതാവിന്റെ വാക്കിന് വിലയില്ലേ? അത് അനുസരിക്കേണ്ടതല്ലേ?" യുധിഷ്ഠിരന്റെ വാക്കുകൾക്ക് തീക്ഷ്ണതയേറി.

"ഹേ യുധിഷ്ഠിരൻ! സാധാരണ ഭിക്ഷയാണെന്ന മുൻവിധിയിൽ യഥാർത്ഥ മെന്തെന്ന് ഒട്ടും അന്വേഷിക്കാതെയാണ് എന്തായാലും തുല്യമായെടുത്തോളൂ എന്ന് പറഞ്ഞതെന്ന് സ്വല്പംമുമ്പേ ഇവിടെ മാതാ കുന്തി തന്നെ വെളിപ്പെടുത്തി ക്കഴിഞ്ഞു. മാത്രമല്ല, തനിക്കറിയാത്ത അഥവാ അന്വേഷിച്ച് പരിശോധിച്ച് നിജസ്ഥിതി വ്യക്തമാകാത്ത ഒരു വിഷയത്തെക്കുറിച്ച് പൊതുവായ ധാരണ പ്രകാരം സാധാരണപോൽ പറയുന്നത് അഭിപ്രായം മാത്രമാകുന്നു. ഒരിക്കലും തീരുമാനമല്ല."

ശ്രീകൃഷ്ണൻ പ്രശ്നത്തിന്റെ കാര്യകാരണ ബന്ധങ്ങളെ നൂലിഴകീറി പരിശോധി ക്കുവാൻ തുടങ്ങി.

"പങ്കുവെക്കുവാൻ ഇതൊരു വസ്തുവല്ലല്ലോ? അർജ്ജുനന്റെ പത്നിയല്ലേ?" കൃഷ്ണൻ ചോദ്യശരങ്ങൾ എയ്തുതുടങ്ങി.

"സ്വന്തം പത്നിയെ മറ്റുള്ളവർക്ക് വീതിച്ചുകൊടുക്കുന്നതാണോ സംസ്കാരം? സ്വന്തം പത്നിയെ തന്റെ സഹോദരന്മാർക്ക് പങ്കുവെക്കുന്നതാണോ സദാചാരം? മാതാവിന്റെ വാക്കുകൾപ്രകാരമെന്ന ന്യായീകരണത്തിൽ ഇത്രയും ഹീന മായൊരു കാര്യത്തിന് കൂട്ടുനിൽക്കുന്നതാണോ യുധിഷ്ഠിരന്റെ ധർമവാദം? സ്വന്തം പത്നിയെ മറ്റുള്ളവർക്കും പങ്കുവെക്കുന്നതാണോ അർജ്ജുനന്റെ ധീരത? അനുജന്റെ പത്നിയെ തങ്ങളുടേയും പത്നിയാക്കുന്നതാണോ യുധിഷ്ഠിരന്റേയും ഭീമന്റേയും മഹാത്മ്യം? ജ്യേഷ്ഠന്റെ പത്നിയെ തങ്ങളുടേയും പത്നിയാക്കുന്നതാ

ണോ നകുലസഹദേവന്മാരുടെ സാന്മാർഗ്ഗീകത്വം? മരുമകളെ എല്ലാ മക്കൾക്കും വീതിച്ചു നൽകലാണോ മാതാ കുന്തിയുടെ വൈശിഷ്ട്യത? സഹോദരന്മാരായ അനവധിപേർക്ക് പത്നിയായിരിക്കുന്നതാണോ ദ്രൗപദിയുടെ പാതിവ്രത്യം? ഇപ്രകാരമുള്ള സദാചാരവിരുദ്ധമായ കാര്യങ്ങൾക്ക് കൂട്ടുനിൽക്കുന്നതാണോ ദ്രുപദരാജന്റെ ധർമനിഷ്ഠ?"

"സാധാരണ സദാചാര ജീവിതത്തിനുപോലും നിരക്കാത്ത ഇത്തരം കാര്യങ്ങൾക്ക് കൂട്ടുനിൽക്കുവാൻ അഷ്ടമാവതാരമായ നമുക്ക് സാധ്യമല്ല." കൃഷ്ണന്റെ ചോദ്യങ്ങൾക്ക് ഉത്തരമില്ലാതെ എല്ലാവരും തലകുനിച്ചു.

ദ്രുപദന് സമാധാനമായി. കുഞ്ഞുനാൾമുതൽക്കേ അർജ്ജുനനെക്കുറിച്ച് കൃഷ്ണൻ ദ്രൗപദിയോട് പറയുമായിരുന്നു. അപ്പോഴേ ഇഷ്ടപ്പെട്ടു തുടങ്ങിയതാണ്. എന്തായാലും അർജ്ജുനനെത്തന്നെ എന്റെ മകൾക്ക് പതിയായി ലഭിച്ചല്ലോ! ദ്രുപദൻ മനസ്സാ കൃഷ്ണനെ നമിച്ചു.

കുന്തിയും സമാശ്വസിച്ചു. കൃഷ്ണയെന്നും പാഞ്ചാലരാജന്റെ പുത്രിയെന്നതിനാൽ പാഞ്ചാലിയെന്നും വിളിക്കപ്പെടുന്ന ദ്രൗപദി അഷ്ടമാവതാര ഭഗവാൻ ശ്രീകൃഷ്ണനെ ഭക്തിപൂർവ്വം ഭജിച്ച് കൃതാർത്ഥയായി.

അർജ്ജുനന് തെല്ലു ജാള്യതയുണ്ടായെങ്കിലും ശ്രീകൃഷ്ണ വാണികളിൽ അഭിമാനം കൊണ്ടു.

അഷ്ടമാവതാര ശ്രീകൃഷ്ണൻ ഏതൊരു കാര്യവും സദാചാരപരമായി പ്രായോഗികതയിലൂന്നി ധാർമ്മികമായി മാത്രമേ നിർവ്വഹിക്കൂ. ധർമവിരുദ്ധമായ യാതൊന്നിനും കൂട്ടുനിൽക്കുകയുമില്ല. വിഷ്ണുദേവന്റെ ദശാവതാരത്തിൽ അഷ്ടമാവതാരമാണ് ഭഗവാൻ ശ്രീകൃഷ്ണൻ . കൃഷ്ണസമക്ഷത്തിൽ എത്തിയതുകൊണ്ട് ഇത്രയും മോശമായ ഈ വിഷയം ഇവിടംകൊണ്ട് അവസാനിക്കും. തീർച്ച. കുന്തി ചിന്തിച്ചു.

ഇതിനിടെ ശ്രീകൃഷ്ണൻ തുടർന്നു -

"മാതാവെന്ന സ്ഥാനം ദിവ്യപ്രേമത്തിന്റെ നിസ്തുല മാതൃകയാകുന്നു. ഒരു സ്ത്രീ തന്നെ സന്താനങ്ങളോട് മാതാവായും, പതിയോട് പത്നിയായും, പിതാവിനോട് പുത്രിയായും, സഹോദരങ്ങളോട് സഹോദരിയായും വ്യതസ്ത സ്ഥാനങ്ങളിൽ

നിലകൊള്ളുന്നു. അതിൽ മാതാവെന്നതാണ് ഏറ്റവും ശ്രേഷ്ഠം.”

“മാതാവിന് സന്താനങ്ങളെല്ലാം തുല്യരാണെന്നിരിക്കേ, എന്തായാലും തുല്യമായെടുത്തോളൂ എന്ന കുന്തിയുടെ വാക്കുകൾ, തീർച്ചയായും, കുന്തിയുടെ മാതാവെന്ന സ്ഥാനപ്രകാരമുള്ള ഉത്തരവാദിത്തം പൂർത്തിയാക്കൽ മാത്രമാണ്.” ശ്രീകൃഷ്ണൻ തുടർന്നു.

“ധാർമ്മികമായി അതാത് സ്ഥാനപ്രകാരമുള്ള അർഹതപ്രകാരംമാത്രം ഓരോരുത്തർക്കും തുല്യമായെടുക്കാം. രാജനീതിപ്രകാരം അതാണ് ഒരു രാജ്യത്തെ നിയമം. അല്ലെങ്കിൽ അരാജകത്വവും അധാർമ്മികതയും ദുരാചാരങ്ങളും അരങ്ങേറി, തൽഫലമായുണ്ടാകുന്ന അരക്ഷിതാവസ്ഥ ആ രാജ്യത്തെത്തന്നെ കീഴടക്കും.” ശ്രീകൃഷ്ണൻ തുടർന്നു.

“ഏതൊരു കാര്യവും എപ്പോഴും സ്ഥാനപ്രകാരം നീതിപൂർവ്വം ധാർമ്മികമായി മാത്രമേ നിർവ്വഹിക്കാവൂ. എങ്കിൽ മാത്രമേ ബ്രഹ്മദേവന്റേയും ശിവദേവന്റേയും വിഷ്ണുദേവന്റേയും നിരന്തരമായ അനുഗ്രഹം ലഭിക്കൂ.” ശ്രീകൃഷ്ണൻ തുടർന്നു.

“ദ്രൗപദി അർജ്ജുനന്റെ മാത്രം പത്നിയായും, യുധിഷ്ഠിരനും ഭീമനും അനുജന്റെ ഭാര്യയായും, നകുലനും സഹദേവനും ജ്യേഷ്ഠന്റെ പത്നിയായും ധാർമ്മികമായി സ്ഥാനത്തിനും കുടുംബ ബന്ധങ്ങൾക്കും അനുസരിച്ച് മാത്രം പ്രായോഗികമായി യുക്തിപൂർവ്വം തുല്യമായെടുക്കാം.”

നീതിയിൽ അധിഷ്ഠിതമായ കൃഷ്ണന്റെ വിധിപ്രസ്താവം ആർഷ ഭാരത സംസ്കാരത്തിന്റെ തിലകക്കുറിയായി.

“മാതാവ് തന്റെ സന്താനങ്ങൾക്ക് ആഹാരം തുല്യമായി നൽകുന്നു. എന്നാൽ പ്രായത്താലും ശരീരത്തിന്റെ ഘടനയാലും സന്താനങ്ങളുടെ ആഹാരത്തിന്റെ അളവ് വ്യത്യസ്തമാകുന്നു. അതിനാൽ ഓരോ സന്താനത്തിനും ആവശ്യമായ ആഹാരം നൽകി വിശപ്പ് ശമിപ്പിക്കുമ്പോൾ മാത്രമേ മാതാവിന് തൃപ്തിയാവുകയുള്ളൂ. കൂടാതെ, മക്കളിൽത്തന്നെ ജ്യേഷ്ഠൻ കഴിക്കുന്നതുപോലെ അനുജൻ കഴിക്കണമെന്നില്ല. ജ്യേഷ്ഠന്റെ ആഹാരത്തിന്റെ അളവ് അനുജനെ സംബന്ധിച്ച് അധികമാണെങ്കിൽ, അത്രയും കഴിക്കണമെന്ന് നിർബന്ധിപ്പിക്കുന്നത് ധർമമാണോ? അനുജന്റെ ആഹാരത്തിന്റെ അളവ് ജ്യേഷ്ഠൻ കഴിക്കുന്നതിനേക്കാൾ കുറവാണെങ്കിൽ, അത്രയും മാത്രമേ ജ്യേഷ്ഠനും കഴിക്കാവൂ എന്ന് നിർബ

ന്ധിച്ചാൽ, ഫലത്തിൽ ജ്യേഷ്ഠനും പട്ടിണിയാവുകയല്ലേ?" ശ്രീകൃഷ്ണ വാണികൾ കുന്തിയെ ആശ്വസിപ്പിച്ചു.

ഏറെ ഉന്മേഷവതിയാണ് ദ്രൗപദി. ശ്രീകൃഷ്ണ വചനങ്ങൾ ദ്രൗപദിയെ സംതൃപ്തയാക്കി.

"എല്ലാവർക്കും സമമായല്ല മാതാവ് നൽകുന്നത്. സമമാണെങ്കിൽ ചെറിയ കുട്ടിക്കും വലിയ കുട്ടിക്കും ഒരേ അളവായിരിക്കും. പക്ഷേ, അത് ഏറെ പ്രയാസമുണ്ടാക്കും. കാരണം ഒരേ അളവായതുകൊണ്ട് ചെറിയ കുട്ടിക്ക് ആഹാരം അധികമായിരിക്കും. എന്നാൽ വലിയ കുട്ടിക്ക് തികയുകയുമില്ല. ഓരോ സന്താനത്തിന്റേയും പ്രായം, ദേഹസ്ഥിതി അഥവാ ആരോഗ്യം, സ്ഥാനം, രോഗാദി അരിഷ്ടതകൾ എന്നിവയെല്ലാം കണക്കിലെടുത്ത് മാത്രമേ മാതാവ് ആഹാരം നൽകുകയുള്ളൂ. ആഹാരം സമമായി ഭാഗിക്കുമ്പോൾ സന്തുലിതമല്ലാത്തതിനാൽ ധർമമായിരിക്കില്ല. സന്തുലിതം ആകുന്നു ധർമം. ഓരോ സന്താനത്തിനും തുല്യമായി അതാത് സ്ഥാനപ്രകാരം ദേഹസ്ഥിതിയും പ്രായവും പരിഗണിച്ചായിരിക്കണം ആഹാരം നൽകേണ്ടത്." ശ്രീകൃഷ്ണൻ തുടർന്നു.

"സന്താനങ്ങളുടെ ക്ഷേമമാകുന്നു മാതാവിന്റെ കർത്തവ്യം. അതിനാൽ മക്കൾക്ക് ആവശ്യമായ ആഹാരം അവരുടെ ദേഹത്തിന്റെ ഘടനയ്ക്കും പ്രായത്തിനും സ്ഥാനത്തിനും അനുസരിച്ച് മാതാവ് തുല്യമായി നൽകുന്നു. അങ്ങനെ നിർവ്വഹിക്കുമ്പോൾ മാത്രമേ മാതാവിന്റെ കർത്തവ്യനിർവ്വഹണം പൂർത്തീകരിക്കപ്പെടുകയുള്ളൂ. അതേപ്രകാരം മാതാ കുന്തി തുല്യമായെടുത്തോളൂ എന്ന് മാത്രമേ അരുളിയിട്ടുള്ളൂ. അതുകൊണ്ട് എല്ലാവർക്കും അവരവരുടെ സ്ഥാനത്തിനും ബന്ധത്തിനും അനുസരിച്ച് മാത്രം തുല്യമായെടുക്കാം." ശ്രീകൃഷ്ണൻ തുടർന്നു.

"രാജവംശജരായ പാണ്ഡവർതന്നെ ഇത്തരം സദാചാര വിരുദ്ധമായ നടപടികൾ കൈക്കൊണ്ടാൽ പ്രജകളുടെ സ്ഥിതി എന്തായിരിക്കും?" ഇടക്കൊന്നു നിർത്തിയ ശ്രീകൃഷ്ണൻ എല്ലാവരേയും വീക്ഷിച്ചു; പ്രത്യേകിച്ച് ദ്രൗപദിയെ.

"ഒരു സ്ത്രീ എന്ന നിലയിൽ ദ്രൗപദി ഒരിക്കലും യുധിഷ്ഠിരന്റെ പിടിവാശിപോലെ സഹോദരന്മാരായ അഞ്ച് പേർക്കും പത്നിയാകാമെന്ന് സമ്മതിച്ചുകൊണ്ടല്ല അർജ്ജുനനെ പതിയായി സ്വീകരിച്ചത്. കടുത്ത വഞ്ചന! സദാചാരപരമായി ജീവിക്കുക എന്ന ഒരു സ്ത്രീയുടെ അവകാശത്തെ നിഷേധിക്കുവാൻ ഭരണാധി

കാരിക്കുപോലും അധികാരമില്ലായെന്നിരിക്കേ, രാജബന്ധമുള്ള കുടുംബത്തിൽ അത്തരം അനീതി നടപ്പിൽവരുത്തുവാൻ എന്തിന്റെ പേരിൽ ആരൊക്കെ ശ്രമിച്ചാലും ഒരിക്കലും അംഗീകരിക്കുവാൻ പാടില്ല." ശ്രീകൃഷ്ണൻ തുടർന്നു.

"ഏതൊരു കാര്യവും തീരുമാനിക്കുന്നതിന് ധാർമ്മികതയിൽ അധിഷ്ഠിതമായ സദുദ്ദേശ്യം, ശ്രദ്ധ, ഉൾക്കൊള്ളൽ, നിരീക്ഷണം, വിശകലനം, അപഗ്രഥനം, വിവേകം തുടങ്ങിയവ നിർബന്ധമാകുന്നു. എങ്കിൽമാത്രമേ അവ സദാചാരത്തിനും ധർമത്തിനും പ്രായോഗികതക്കും യുക്തിക്കും അനുയോജ്യമായി പ്രാവർത്തികമാക്കുവാൻ സാധിക്കൂ." ശ്രീകൃഷ്ണൻ തുടർന്നു.

"അതുകൊണ്ട് ഒരാൾ പറയുന്നത് അതേപ്രകാരം തന്നെ സ്വീകരിക്കുന്നതിനു മുമ്പ് അത് ധാർമ്മികമായി അനുയോജ്യമാണോ, സ്ഥാനപ്രകാരം സ്വീകാര്യമാണോ, പ്രായോഗികമാണോ, യുക്തിക്ക് നിരക്കുന്നതാണോ, സന്ദർഭത്തിന് ഉചിതമാണോ, തനിക്ക് സ്വയം യോജിച്ചതാണോ എന്നിവയെല്ലാം വ്യക്തമായി അത്യന്തം സൂക്ഷ്മതയോടെ പരിശോധിക്കണം. അതിനുശേഷംമാത്രമേ സ്വീകരിക്കണോ അഥവാ തിരസ്കരിക്കണോയെന്ന് തീരുമാനിക്കുവാൻ പാടുള്ളൂ." ശ്രീകൃഷ്ണൻ തുടർന്നു.

"ഇവിടെ, വസ്തു എന്തെന്നുപോലും തിരക്കാതെയുള്ള മാതാ കുന്തിയുടെ വാക്കുകളെ, യഥാർഥത്തിൽ, അർജ്ജുനന്റെ ജ്യേഷ്ഠനായ യുധിഷ്ഠിരൻ ധാർമ്മികമായി പരിശോധിച്ച് സദാചാരത്തിന് യോജിക്കുന്നവിധത്തിൽ കൈക്കൊണ്ടിരുന്നെങ്കിൽ, മാന്യതക്ക് നിരക്കാത്ത ഈ വിഷയത്തെ വളരെ പെട്ടെന്ന് പരിഹരിക്കാമായിരുന്നു. മാത്രമല്ല, സാധാരണയായ ഈ വിഷയത്തിന് ഇത്രമാത്രം പ്രാധാന്യവും അമിതപ്രസക്തിയും ഉണ്ടാകുമായിരുന്നില്ല. പിന്നെ സഭയ്ക്ക് ചേർന്നതുമല്ലല്ലോ?" ധാർമ്മികമായി എങ്ങനെയായിരിക്കണമെന്ന വിശദീകരണം ശ്രീകൃഷ്ണൻ തുടർന്നു.

"ഇതിനെല്ലാമുപരി, ആയോധന പാടവത്തിലെ മികവ് സ്വയംവരത്തിനുള്ള യോഗ്യതയായി കണക്കാക്കിയ ദ്രുപദരാജന്റെ ധാരണ തികച്ചും ധർമവിരുദ്ധമാകുന്നു. വ്യക്തമായ ജീവിത വീക്ഷണവും, ധർമ നിഷ്ഠയും, പ്രായോഗികമായ ഉൾക്കാഴ്ചയും, സത്യസന്ധതയും, കഠിനാദ്ധ്വാനത്തിനുള്ള സന്നദ്ധതയും, പ്രയത്നിക്കുവാനുള്ള ഔത്സുക്യതയും, ധനസമ്പാദനത്തിനുള്ള ധാർമ്മികമായ പരിശ്രമവും കർത്തവ്യനിർവ്വഹണത്തിനുള്ള ദത്തശ്രദ്ധയും, മാതാപിതാ

ക്കൾ-സഹോദര-സഹോദരി-ബന്ധുക്കൾ തുടങ്ങിയവരിൽ മിത്രതയുള്ളവർക്ക് ധാർമ്മികമായ ഉത്തരവാദിത്തങ്ങൾ കൃത്യമായി ചെയ്തുകൊടുക്കുന്നതിലുള്ള ശ്രദ്ധയും, അന്ധവിശ്വാസങ്ങളെ തിരിച്ചറിഞ്ഞ് സ്വയം അതിൽ ഉൾപ്പെടാതെ സംശുദ്ധ ഭക്തിയിൽ നിലകൊണ്ട് സദാചാരത്തിൽ അധിഷ്ഠിതമായ ജീവിതചര്യയും, ശക്തവും ധാർമ്മികവുമായ സാമൂഹിക ബന്ധങ്ങളും, കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസരിച്ച് ജീവിതാവശ്യങ്ങളെ നേടിയെടുക്കുന്നതിലുള്ള നൈപുണ്യവും, അവസരങ്ങൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ച് ധർമത്തിൽ അധിഷ്ഠിതമായ ചടുലവും എന്നാൽ കൃത്യവുമായ പ്രവർത്തനങ്ങളും, സഹിഷ്ണുതയും, ശാസ്ത്രപഠനവും, സാങ്കേതിക പരിജ്ഞാനവും, ഈശ്വര ഭക്തിയും - ഇതെല്ലമാകുന്ന രാജനീതിപ്രകാരം പരിഗണിക്കേണ്ടതായ പ്രതിശ്രുത വരന്റെ യോഗ്യതകൾ.” ശ്രീകൃഷ്ണൻ തുടർന്നു.

“അതനുസരിച്ചുള്ള യോഗ്യതകളുണ്ടോയെന്ന് വളരെ വ്യക്തമായി നിരീക്ഷിക്കുകയാണ് വേണ്ടത്. മംഗല്യം മത്സരമല്ല. ഇവിടെ നടത്തിയതുപോലെ, സഭയിൽവെച്ച് പ്രതിശ്രുത കന്യക മറ്റുള്ളവർക്കിടയിൽനിന്നും വരനെ തിരഞ്ഞെടുക്കുമ്പോൾ, സ്വയംവരത്തിൽ പങ്കെടുത്ത മറ്റെല്ലാവരും ഫലത്തിൽ അപമാനിക്കപ്പെടുകയാണ്. വിവാഹം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടേയും സ്വീകാര്യതയുടേയും കാര്യമാണ്. പൊതുവേദിയിൽ പ്രദർശിപ്പിക്കപ്പെടേണ്ടതല്ല. സ്വകാര്യതയാണ് ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള വേദി. അത്യാവശ്യം വേണ്ടവർ, അതും തികച്ചും ഉത്തരവാദിത്തപ്പെട്ട കുടുംബക്കാരും സുഹൃത്തുക്കളുംമാത്രം ഉണ്ടായിരിക്കേണ്ട സ്വകാര്യ ചടങ്ങാണത്. അനവധിപേർ ഒരു വേദിയിൽ ഒരേ വേളയിൽത്തന്നെ അണിനിരന്ന് അതിൽ ഇഷ്ടപ്പെട്ട ഒരാളെ മാത്രം സഭയെ സാക്ഷിയാക്കി പ്രതിശ്രുത കന്യക തിരഞ്ഞെടുക്കുമ്പോൾ, തീർച്ചയായും, മറ്റുള്ളവരെയെല്ലാം ക്ഷണിച്ചുവരുത്തി അപമാനിക്കൽക്കൂടിയാകുന്നു. അനുവദിക്കപ്പെടേണ്ടതായ ഒരു കീഴ്വഴക്കമല്ലിത്. മാത്രമല്ല, അപമാനിക്കപ്പെടുമ്പോൾ ശത്രുതയാണുണ്ടാവുക. സുഹൃദ്‌രാജ്യങ്ങളെല്ലാം അപമാനിതരായി ശത്രുക്കളാകുവാൻ ഇത് കാരണമായിത്തീരും.” ശ്രീകൃഷ്ണൻ തുടർന്നു.

“വളരെ മുമ്പേ നാം ഇക്കാര്യം രാജാ ദ്രുപദനോട് വ്യക്തമാക്കിയിരുന്നു. പക്ഷേ, അദ്ദേഹം അത് ഗൗരവത്തിൽ എടുത്തില്ല. അവയെല്ലാം ഓരോരുത്തരുടേയും സ്വന്തം തീരുമാനം. ധർമം എപ്രകാരമെന്ന് വെളിപ്പെടുത്തുന്നതോടൊപ്പം ധർമവിരുദ്ധമായ യാതൊന്നിനോടും കൂട്ടുനിൽക്കാതിരിക്കുക - അതാകുന്നു നമ്മുടെ

ധർമനിഷ്ഠ. സ്വയം ആവശ്യമെങ്കിൽ അനുസരിക്കാം, അല്ലെങ്കിൽ നിരസിക്കാം. ഏതിനും അതിന്റെ ഫലമുണ്ടായിരിക്കും.'' ശ്രീകൃഷ്ണൻ തുടർന്നു.

''നാം സ്വയംവരത്തിൽ പങ്കെടുത്തിട്ടില്ല. പക്ഷേ നമുക്കറിയാം എന്ത് സംഭവിക്കുമെന്ന്. അതുകൊണ്ടാണ് നാം നേരിട്ട് ഇവിടെ ദ്രുപദ സന്നിധിയിൽ എത്തി സദാചാരവിരുദ്ധമായ ഈ വിഷയത്തിന്റെ ധാർമ്മികമായ വിധി അറിയിക്കുന്നത്. ഇവയൊരിക്കലും നമ്മുടെ അവതാര ചരിതത്തിന് അപശ്രുതിയാകുവാൻ പാടില്ല. ഇവിടെ യുധിഷ്ഠിരനിലെ ധാരണയിലെ അപകതക്ക് നാം ഒരിക്കലും കൂട്ടുനിൽക്കില്ല. അതുകൊണ്ട് ഈ വിഷയത്തിൽ ധർമം എപ്രകാരമെന്ന് വ്യക്തമാക്കി.'' ഭഗവാൻ ശ്രീകൃഷ്ണന്റെ ഭാവത്തിന് ഗംഭീര്യത തിലകം ചാർത്തി.

ശ്രീകൃഷ്ണൻ തുടർന്നു.

''എല്ലാത്തിനുമുപരി, ഇന്നത്തെ അവസ്ഥയിൽ പാണ്ഡവർക്ക് പ്രാഥമികാവശ്യങ്ങൾപോലും നിറവേറ്റുവാൻ ഇടമില്ലാതെ അലയുമ്പോൾ, അവയ്ക്കുള്ള പരിഹാരമാണ് ആദ്യമായി പൂർത്തിയാക്കേണ്ടത്. എപ്പോഴും പ്രശ്നങ്ങളോട് ധർമാധിഷ്ഠിതമായ സമീപനമായിരിക്കണം ഉണ്ടായിരിക്കേണ്ടത്. എങ്കിൽ മാത്രമേ ക്രിയാത്മകത രൂപംകൊള്ളുകയുള്ളൂ.''

''ദശരഥരാജൻ നൽകിയ വരദാനപൂർത്തീകരണമെന്ന ഭാവേന രാജമഹിഷി കൈകേയി സപ്തമാവതാര ഭഗവാൻ ശ്രീരാമനെ വനവാസത്തിന് അയക്കണമെന്ന് ദശരഥനോട് ആവശ്യപ്പെട്ടപ്പോൾ അവിടുന്ന് ചെയ്തതെന്താണ്? ശ്രീരാമനോട് അന്വേഷിച്ച് കാര്യകാരണങ്ങൾ വിശകലനം ചെയ്ത് രാജസഭകൂടി മന്ത്രിപ്രമുഖരുടേയും പ്രജകളുടേയും സമക്ഷം ശ്രീരാമനോടുള്ള ചോദ്യരൂപേണ വ്യംഗമായി വിഷയത്തെ അവതരിപ്പിച്ച് ശ്രീരാമന്റെ നീതിപൂർവ്വകമായ വിധി നടപ്പാക്കി. സ്വയം കുറ്റക്കാരനാണെന്ന് തിരിച്ചറിഞ്ഞ ദശരഥൻ രാജാധികാരത്തിൽനിന്നും സ്വയം ഒഴിഞ്ഞ് അനുഗ്രഹീതനായ ശ്രീരാമനെ മഹാരാജാവായി അവരോധിച്ചു. വാക്ക് നൽകിയ സാഹചര്യം മുതൽ എല്ലാം കൃത്യമായി ധർമമാണോയെന്ന് പരിശോധിച്ച് കുറ്റക്കാരെ തിരിച്ചറിഞ്ഞ് ശിക്ഷ വിധിച്ച ശ്രീരാമൻ ബന്ധങ്ങളിൽ അടിമപ്പെടാതെ സ്വതന്ത്രവും നീതിപൂർവ്വകവും ധാർമ്മികവുമായ വിചാരണയിലൂടെ വിധി നിശ്ചയിച്ചു. ദശരഥനും കൈകേയിയും മന്ഥരയും കുറ്റക്കാരെന്ന് വിധിച്ചെങ്കിലും, കുറ്റത്തിന് ആസ്പദമായ ദുരുദ്ദേശ്യം നടപ്പാക്കാത്തതിനാലും സഭയിൽവെച്ച് പ്രജാസമക്ഷം കുറ്റവാളികളെന്ന് തെ

ളിയിയ്ക്കപ്പെട്ടതിനാൽ സംഭവിച്ച അപമാനവും തന്മൂലമുള്ള തിരസ്കരിക്കപ്പെടലും അനുഭവിക്കപ്പെടേണ്ടതായ ശിക്ഷയുടെ കാലാവധിയേക്കാൾ നിലനിൽക്കുന്നതും ഗൗരവമേറിയതുമായതിനാൽ, ഒരു കുറ്റത്തിന് ഒരു പ്രാവശ്യം മാത്രം ശിക്ഷ അനുഭവിച്ചാൽമതിയെന്നതും കാരണമായി ധാർമ്മികതയുടെ അടിസ്ഥാനത്തിൽ ദശരഥനേയും കൈകേയിയും കുറ്റവിമുക്തരാക്കി. ഏതൊരു സാഹചര്യത്തെ ഏതൊരു പ്രജയാണോ രാജ്യദ്രോഹത്തിനുവേണ്ടി ഉപയോഗിക്കുന്നതിനുള്ള അവസരമാക്കി മാറ്റുവാനായി മറ്റുള്ളവരെ വശംവദരാക്കി കുറ്റകൃത്യം ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്, അത്തരത്തിലുള്ളവരെ മാതൃകാപൂർവ്വം കഠിനമായി ശിക്ഷിക്കേണ്ടത് നിർബന്ധമാണെന്ന തിരിച്ചറിവിനായി ശ്രീരാമൻ മന്ഥരയെ ശിക്ഷിക്കുകയും ചെയ്തു." ശ്രീകൃഷ്ണൻ തുടർന്നു.

"ആരുടേയും ധർമവിരുദ്ധമായ വാക്കുകൾ അനുസരിക്കേണ്ടതില്ലായെന്നും, കർത്തവ്യനിർവ്വഹണത്തിന് ഒരിക്കലും വരദാനം നൽകുവാൻ പാടില്ലായെന്നും, രാജാവ് എന്ന സ്ഥാനത്തുള്ള വ്യക്തിക്ക് രാജാധികാരത്തെ സ്വന്തം ഇച്ഛക്കും കുടുംബത്തിനുവേണ്ടിയും ഉപയോഗിക്കുക എന്നതിലൂടെ ചൂഷണം ചെയ്യുവാനും അധികാരമില്ലായെന്നും, കുറ്റവാസനയോടെ കൃത്യനിർവ്വഹണത്തിന് തയ്യാറാകുന്നവരെ ബന്ധങ്ങൾക്കും സ്ഥാനങ്ങൾക്കും അതീതമായി രാജനീതി പ്രകാരം ധാർമ്മികമായി വിചാരണ ചെയ്ത് ശിക്ഷ വിധിച്ച് നടപ്പാക്കുക എന്നത് ഒരു രാജ്യത്തെ ഭരണവ്യവസ്ഥക്കും പ്രജാക്ഷേമത്തിനും രാജനീതിക്കും അനിവാര്യമെന്ന് ലോകത്തിന് വ്യക്തമാക്കിക്കൊടുത്ത യഥാർത്ഥ സപ്തമാവതാര ശ്രീരാമചരിതം ഇത്തരുണത്തിൽ, ഇവിടെ, സദാചാരവിരുദ്ധമായ ഒരു ഹീന കൃത്യം നടപ്പാക്കുന്നതിനായി കരുക്കൾ നീക്കുന്ന ഈ സന്ദർഭത്തിൽ പ്രസക്തവും വിധിപ്രസ്താവത്തിന് ഏറെ സഹായകരവുമാകുന്നു." ശ്രീകൃഷ്ണൻ തുടർന്നു.

"ലിഖിത ഭരണഘടനയിലൂടെ പ്രജകളെയെല്ലാം ഭരണാധികാരിയുടെ സ്ഥാനാധികാരത്തിലും നിയന്ത്രണത്തിലും മേൽനോട്ടത്തിലും നിലനിൽക്കുന്ന ജീവിതാവശ്യങ്ങൾക്കെല്ലാമുള്ള ഉൽപ്പാദന സംഭരണ വിതരണ സംരഭങ്ങളുടേയും സ്ഥാപനങ്ങളുടേയും ഉടമസ്ഥരാക്കുന്ന ഉടമസ്ഥാവകാശ പദ്ധതിയോടൊപ്പം രാജാവും മന്ത്രിമാരും ഉൾപ്പെടെ ഭരണനിർവ്വഹണ സ്ഥാനത്തേയ്ക്കുള്ളവരെ പ്രജകൾക്ക് തെരഞ്ഞെടുക്കാവുന്ന ക്ഷേമരാഷ്ട്രം നടപ്പാക്കിയ, നമ്മുടെ പൂർവ്വാവതാര ശ്രീരാമചരിതം സുപ്രധാനമാകുന്നു. ഉടമസ്ഥാവകാശ പദ്ധതിപ്രകാരം അതാത് വർഷത്തെ എല്ലാ സംരംഭങ്ങളുടേയും സ്ഥാപനങ്ങളുടെയും തൊഴിൽ ചെയ്യുന്ന

വർക്കുള്ള അർഹമായ പ്രതിഫലം ഉൾപ്പെടെ ആകെ ചെലവുകൾ കിഴിച്ചുള്ള ആകെ മിച്ച സംഖ്യയിൽ പകുതി രാജ്യത്തിന്റെ കരുതൽ ധനത്തിലേയ്ക്കും അവശേഷിയ്ക്കുന്ന പകുതി തുല്യമായി എല്ലാ പ്രജകൾക്കും അനുവദിയ്ക്കും. തൊഴിലിനുള്ള പ്രതിഫലത്തോടൊപ്പം ഭരണാധികാരിയിൽ നിന്നും മിച്ചസംഖ്യയിൽ നിന്നുള്ള വിഹിതം അധിക വരുമാനമായി കൃത്യതയോടെ ലഭിയ്ക്കുന്നതിനാൽ രാഷ്ട്രത്തോടോപ്പം പ്രജകളും സാമ്പത്തിക ഭദ്രതയുള്ളവരാകും.'' ശ്രീകൃഷ്ണൻ തുടർന്നു.

“നാം, ഇപ്പോൾ, ദ്വാരകയിൽ നടപ്പാക്കിക്കൊണ്ടിരിയ്ക്കുന്നതും തുടർന്ന് വിവിധ രാജ്യങ്ങളായി ചിതറിക്കിടക്കുന്നവയെ കൂട്ടിച്ചേർത്ത് ഏക ഭാരത രാഷ്ട്രമാക്കി നാം നടപ്പാക്കുന്നതുമായ ക്ഷേമരാഷ്ട്ര നിയമങ്ങൾക്ക് അനുകൂലമായ തീരുമാനങ്ങളാകുന്ന അറിയിച്ചത്.'' ശ്രീകൃഷ്ണൻ അറിയിച്ചു.

(കൂടുതൽ വായിയ്ക്കുക: യഥാർത്ഥ ശ്രീരാമ ചരിതം: പ്രഥമഘട്ട സുപ്രധാന രംഗം. കൽകി യഥാർത്ഥ പൂർവ്വാവതാര ചരിതം വെളിപ്പെടുത്തുന്നു.)

ശ്രീകൃഷ്ണ വചനങ്ങൾ കുന്തിയെ ആശ്ചര്യപ്പെടുത്തി! കുന്തി ഭക്തിപൂർവ്വം ശ്രീകൃഷ്ണനെ നമിച്ചു.

നിശബ്ദനായ യുധിഷ്ഠിരനിൽ പക രൂപംകൊള്ളുകയായിരുന്നുവെങ്കിലും മറിച്ചൊരു ചോദ്യമുതിർക്കുവാൻ സാധിച്ചില്ല.

“മാതാ കുന്തിയും ദ്രൗപദിയും ഉൾപ്പെടെയുള്ള പാണ്ഡവരുടെ സുരക്ഷിതത്വത്തിനും ജീവിത വിജയത്തിനും ആവശ്യമായതെല്ലാം ധാർമ്മികമായി തീരുമാനിക്കാം. ശ്രീകൃഷ്ണന്റെ മഹനീയ സാന്നിധ്യമുണ്ടാകണം!!'' ദ്രുപദന്റെ വാക്കുകൾ അവസരോചിതമായി.

**“അതെ! എല്ലാം ധാർമ്മികമായി രാജനീതിക്ക് അനുയോജ്യമായി മാത്രം തീരുമാനിയ്ക്കാം. ദ്രൗപദി അർജ്ജുനന്റെ മാത്രം പത്നിയാകുന്നു. യുധിഷ്ഠിരനും ഭീമനും അനുജന്റെ പത്നിയും, നകുലസഹദേവന്മാർക്ക് ജ്യേഷ്ഠന്റെ പത്നിയുമാകുന്നു. തുല്യമായും ധാർമ്മികമായും കുടുംബസംവിധാനത്തിന് അനുയോജ്യമായും മാത്രം നീതിപൂർവ്വം സദാചാരപരമായ മാതൃകയായി പ്രശോഭിച്ച് ഭാരത സംസ്കാരത്തിന്റെ യശസ്സ് നിലനിർത്തുക.” ശ്രീകൃഷ്ണൻ തുടർന്നു.**

“ദ്രൗപദിയും എല്ലാവരോടും അതാത് സ്ഥാനപ്രകാരം മാത്രം സമ്പർക്കം പുലർത്തുക. കാരണം, ഒരിക്കലും സാധാരണ സഹോദരങ്ങളിലൊന്നും ഇത്തരമൊരു ആഗ്രഹം ഉണ്ടാവാറില്ല. ഇവിടെ സംഭവിച്ച് യാഥാർത്ഥ്യമായില്ലെങ്കിലും, മോഹമായി അവ വന്നുചേർന്നതുകൊണ്ട് ദ്രൗപദി വളരെ ശ്രദ്ധയോടെ മാത്രമേ എല്ലാവരോടും അതാത് സ്ഥാനങ്ങൾക്കനുസരിച്ച് ഇടപഴകാവൂ. അല്ലെങ്കിൽ അവ സംശയങ്ങൾക്കും നിരൂപണങ്ങൾക്കും അടിത്തറപാകി ജീവിതത്തെ സാരമായി ബാധിക്കുവാനിടയാകും. ഈശ്വരനാനുഗ്രഹത്താൽ രാജനീതിപ്രകാരമുള്ള പരമാർത്ഥമായ അറിവാണ് ക്ഷേമാധിഷ്ഠിത ഭരണവും പ്രജാക്ഷേമവും അനുവദിക്കുന്നത്.” ശ്രീകൃഷ്ണൻ തുടർന്നു.

ശ്രീകൃഷ്ണ വാണികൾ യുധിഷ്ഠിരൻ ഉൾപ്പെടെ പാണ്ഡവർക്ക് അസ്വാസ്ഥ്യം ഉളവാക്കിയെങ്കിലും അവരെല്ലാം സ്വീകരിക്കുവാൻ നിർബന്ധിതരായി.

ദ്രൗപദിയ്ക്ക് അർജ്ജുനന്റെ മാത്രം പതിയായി അഭിമാനത്തോടെ ജീവിക്കുന്നതിന് അവസരമൊരുക്കി അനുഗ്രഹിച്ച ശ്രീകൃഷ്ണന്റെ തൃപ്പാദപത്മങ്ങളിൽ കുന്തിയുടെ അനന്തകോടി പ്രണാമം!! •

പ്രകാശ സ്വരൂപത്തിൽ ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോകത്തിലും ശിവലോകത്തിലും വിഷ്ണുലോകത്തിലും നിലകൊള്ളുന്ന ദേവവർഗ്ഗത്തിന്റെ (ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ) യഥാർത്ഥ നിയമങ്ങളും ആരാധനാക്രമങ്ങളും അറിയുന്നതിന് കൽകിപുരി ക്ഷേത്ര നിയമങ്ങൾ വായിയ്ക്കുക.



ജ്യോതിർമണ്ഡല ബ്രഹ്മലോക – ശിവലോക – വിഷ്ണുലോക പ്രകാശ സ്വരൂപ സമുന്നത സ്ഥാനാധികാര ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ ദേവ വർഗ്ഗത്തെ മാത്രം ആരാധിയ്ക്കുക. ദേവ വർഗ്ഗത്തോട് മാത്രം പ്രാർത്ഥിക്കുക.

ദേവവർഗ്ഗത്തിന്റെ യഥാർത്ഥ ചിത്രം ഈ ഭൂമിയിൽ ലഭ്യമല്ലാത്തതിനാൽ പഞ്ചഭൂതാത്മക മനുഷ്യ രൂപങ്ങളും മറ്റ് ജീവിവർഗ്ഗങ്ങളുമായും ദേവ വർഗ്ഗത്തെ സങ്കൽപ്പിച്ച് നിന്ദിക്കാതിരിക്കുക.

പരിമിത അറിവും സ്ഥാനാധികാരങ്ങളുമുള്ള വ്യക്തികളേയും അഥവാ മനുഷ്യരേയും ഈ ഭൂമിയിലെ മറ്റ് ജീവിവർഗ്ഗങ്ങളേയും പ്രകൃതി പ്രതിഭാസങ്ങളേയും ആദരിയ്ക്കാം, ബഹുമാനിയ്ക്കാം; ആരാധിക്കാതിരിക്കുക.

kalkipuri.com

ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമഃ

**നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ**


ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമഃ
Kalkipuri
kalkipuri.com
Kalkipuri Temple
Om Shreem Brahma
Deva VishnuDeva Namaha